# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 28, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 339)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | 2857 മുതൽ 2985 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | 2986 മുതൽ 3067 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | 3068 മുതൽ 3122 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | 3123 മുതൽ 3195 വരെ |

''സമഗ്ര വിദ്യാഭ്യാസ പദ്ധതി''

2857 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളിൽ ''സമഗ്ര വിദ്യാഭ്യാസ പദ്ധതി'' നടപ്പിലാക്കിവരുന്നുണ്ട്;

(ബി) സമഗ്ര വിദ്യാഭ്യാസ പദ്ധതി ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് നടപ്പിലാക്കി വരുന്നത്;

(സി) പ്രസ്തുത ഏജൻസി നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ;

(ഡി) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിവരുന്ന മണ്ഡലങ്ങളിൽ ഏതെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>സമഗ്ര വിദ്യാഭ്യാസ പദ്ധതി</u>

2858 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സീമാറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സമഗ്രവിദ്യാഭ്യാസ പദ്ധതി ഏതൊക്കെ മണ്ഡലങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്; അതുമൂലം എന്തൊക്കെ നേട്ടങ്ങളുണ്ടായിട്ടുണ്ട്;

(സി) ഇതിനുവേണ്ടി എന്തു തുക നല്കിയിട്ടുണ്ട്; പ്രസ്തുത തുകയുടെ മണ്ഡലം തിരിച്ചുള്ള വിനിയോഗ വിവരം നല്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സമഗ്ര വിദ്യാഭ്യാസ പദ്ധതിക്ക് ഫണ്ട്</u>

2859 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സമഗ്ര വിദ്യാഭ്യാസ പദ്ധതി' ഏതെല്ലാം മണ്ഡലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത്;

(ബി) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിൽ വരുത്തുമ്പോൾ വിദ്യാലയങ്ങളുടെ അവശ്യ ചെലവുകൾക്കും വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങൾക്കും നൽകുന്നതിന് പ്രത്യേക ഫണ്ട് നീക്കിവച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിൽ വരുത്തുന്ന മണ്ഡലങ്ങളിൽ വിദ്യാലയങ്ങളുടെ നവീകരണത്തിനും വിദ്യാർത്ഥി ക്ഷേമ പ്രവർത്തനങ്ങൾക്കും പ്രത്യേക ഫണ്ട് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>എസ്.എസ്.എ. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

2860 ശ്രീ. ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

(ബി) പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് വികസനത്തിന് എത്ര തുകയ്ക്കാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം .

(സി) തുകയുടെ കേന്ദ്ര, സംസ്ഥാന വിഹിതം എത്രയാണ് ; വിശദമാക്കുമോ ;

(ഡി) സംസ്ഥാന വിഹിതം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ;

(ഇ) എന്തെല്ലാം കാര്യങ്ങളാണ് പദ്ധതി വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം അനുവദിച്ച ഹൈസ്കൂളുകളുടെ ശോചനീയവസ്ഥ</u>

2861 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം അനുവദിച്ച പുതിയ സർക്കാർ ഹൈസ്കൂളുകളുടെ ശോചനീയവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കൂളുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടിക്രമങ്ങൾ എവിടെ വരെയായി എന്ന് വ്യക്തമാക്കാമോ; കെട്ടിടം പണി ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) ഈ സ്കൂളുകളിൽ ഇംഗ്ലീഷ്, അറബിക്, ഉർദു, സംസ്കൃത ഭാഷാ അധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കാമോ;

(ഡി) ആർ. എം. എസ്. എ. സ്കൂളുകളിൽ അടുത്ത അധ്യയന വർഷം ഹയർസെക്കന്ററി വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

<u>സ്വകാര്യ, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

2862 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തുണ്ടായിരുന്ന സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഓരോ മേഖലയിലും എത്ര വീതമായിരുന്നു എന്നും, വ്യത്യസ്തങ്ങളായ ഓരോ കോഴ്സിനും എത്ര വീതം സീറ്റുകൾ ആ മേഖലയിൽ ഉണ്ടായിരുന്നെന്നും ഓരോ കോഴ്സിനും സർക്കാർ നിശ്ചയിച്ച് നൽകിയിരുന്ന ഫീസ് നിരക്ക് എത്രയായിരുന്നെന്നും വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലും, കോഴ്സുകളിലും ഇപ്പോൾ എത്ര ശതമാനം വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് സ്വാശ്രയ സ്വകാര്യ മേഖലയിൽ നിലവിലുള്ള ഓരോ കോഴ്സിനും എത്ര സീറ്റുകൾ ഉണ്ടെന്നും ഇവ ഓരോന്നിന്റെയും ഫീസ് നിരക്ക് എത്രയാണെന്നും വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എല്ലാം കൂടി പ്രതിവർഷം തലവരിപ്പണമായി എന്ത് തുക ലഭിക്കുന്നുണ്ടെന്ന് അറിവുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) ഇതിൽ സർക്കാർ നിശ്ചയിച്ച് നൽകിയ ഇനത്തിൽ പ്രതിവർഷം എത്ര ഫീസ് ലഭിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ പ്രവൃത്തിദിനങ്ങളുടെ കുറവ്</u>

2863 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അദ്ധ്യയന ദിവസങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നു എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്കൂൾ പ്രവൃത്തി ദിവസങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**28.01.2014–ലെ മറുപടിക്ക്**

<u>വിദ്യാലയങ്ങളിൽ മലയാള ഭാഷാപഠനം</u>

2864 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹിദ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ മലയാള ഭാഷാപഠനം നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കുമോ; ഉത്തരവിലെ വിശദാംശങ്ങളെന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) മലയാളം മാതൃഭാഷയല്ലാത്ത കുട്ടികൾക്ക് മലയാളം ഭാഷ പഠിക്കുവാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഇതിനായി സ്കൂളുകളിലെ പീരിയഡുകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ മലയാളം നിർബ്ബന്ധമാക്കാൻ നടപടി</u>

T.2865 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ്/സി.ബി.എസ്.ഇ. സ്കൂളുകളിൽ മാതൃഭാഷയായ മലയാളം പഠിപ്പിക്കുന്നുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ, അത്തരം സ്കൂളുകളിൽ നിർബ്ബന്ധമായി മാതൃഭാഷ പഠിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ, എന്തു നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പരിസ്ഥിതി സംരക്ഷകരായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്</u>

2866 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളിൽ പരിസ്ഥിതി സംരക്ഷിക്കുന്നവർക്ക് ഗ്രേസ് മാർക്ക് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) 2013 ജൂൺ 12 ന് ഇതു സംബന്ധിച്ച് കൃഷി, വനം, വിദ്യാഭ്യാസ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പരിസ്ഥിതി സംരക്ഷകരായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് ഡി. പി. ഐ യ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ പാഠ്യക്രമത്തിൽ കായിക വിദ്യാഭ്യാസം</u>

T.2867 ശ്രീ.കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായികക്ഷമതയിൽ സ്കൂൾ കുട്ടികളുടെ പിന്നോക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ പാഠ്യക്രമത്തിൽ കായിക വിദ്യാഭ്യാസം നിർബന്ധിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

എൽ.പി. മുതൽ ഹൈസ്കൂൾ വരെയുള്ള പഠന സിലബസ് ഏകീകരിക്കലും വിദ്യാഭ്യാസ അവകാശ നിയമവും

2868 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.പി മുതൽ ഹൈസ്കൂൾ വരെയുള്ള പഠന സിലബസ് ഏകീകരിക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ, എയ്ഡഡ് മേഖലയെ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഏകീകൃത സിലബസ് അംഗീകരിച്ച് അടിയന്തിരമായി നടപ്പാക്കുമോ;

(സി) വിദ്യാഭ്യാസ അവകാശ നിയമം എന്നു മുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഡി) ഇതിനായി അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിലുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ബദൽ വിദ്യാലയങ്ങൾ</u>

2869 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബദൽ വിദ്യാലയങ്ങളുണ്ട്; അവിടങ്ങളിൽ എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നു;

(ബി) ബദൽ വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ആവശ്യമായ യോഗ്യതകൾ എന്തെല്ലാം;

(സി) ഇവർക്ക് നൽകിവരുന്ന വേതനം എത്രയാണെന്നും ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ബദൽ സ്കൂളുകൾ

2870 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ജില്ലയിലും എത്ര ബദൽ സ്കൂളുകളാണ് പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുത സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ബദൽ സ്കൂളുകളിലെ അധ്യാപകരുടെ ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ വിദ്യാർത്ഥികൾക്ക് ഏകീകൃത യൂണിഫോം</u>

2871 ശ്രീ. റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, വി. റ്റി. ബൽറാം
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്ക് ഏകീകൃത യൂണിഫോം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുമോ ; വ്യക്തമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

<u>സൗജന്യ യൂണിഫോം വിതരണം</u>

2872 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എം. ഹംസ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഈ അദ്ധ്യയന വർഷത്തെ സൗജന്യ യൂണിഫോം വിതരണത്തിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) യൂണിഫോം വിതരണത്തിന് മുൻവർഷങ്ങളിൽ അനുവർത്തിച്ചിരുന്ന നടപടിക്രമങ്ങളിൽ മാറ്റം വരുത്തുകയുണ്ടായോ ; എങ്കിൽ മാറ്റം വരുത്തുവാനുണ്ടായ കാരണം വിശദമാക്കാമോ ; പുതിയ തീരുമാനമനുസരിച്ച് യൂണിഫോം എങ്ങനെ വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിരുന്നത് ;

(സി) ഇതിനായി ടെണ്ടർ ക്ഷണിച്ചിരുന്നോ ; ടെണ്ടർ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു;

(ഡി) ഏതെല്ലാം കമ്പനികളാണ് ടെണ്ടറിൽ പങ്കെടുത്തത് ; വിശദാംശം നൽകാമോ ;

(ഇ) വിവിധ സംസ്ഥാനങ്ങളിൽ യൂണിഫോം വിതരണം ചെയ്ത് മുൻ പരിചയമുള്ള പൊതു മേഖലാ സ്ഥാപനമായ എൻ.ടി.സി. ടെണ്ടറിൽ പങ്കെടുക്കുകയുണ്ടായോ ; ഈ സ്ഥാപനത്തെ പരിഗണിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ ടെണ്ടർ തള്ളാനുള്ള കാരണം വ്യക്തമാക്കുമോ ;

(എഫ്) ഈ അദ്ധ്യയനവർഷം അവസാനിക്കാറായിട്ടും യൂണിഫോം വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ഇത് എന്ന് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകുന്നതിന് സർക്കാർ തുക അനുവദിക്കൽ</u>

2873 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകുന്നതിന് സർക്കാർ തുക നൽകുവാൻ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി വരുന്നതെന്ന് വിശദമാക്കാമോ;

(സി) യൂണിഫോമിന് നൽകുന്ന തുക ഏത് രീതിയിലാണ് വിനിയോഗം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) യൂണിഫോം വാങ്ങുന്നതിനായി അദ്ധ്യാപകരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വൈപ്പിൻ മണ്ഡലത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം വാങ്ങുന്നതിനായി അദ്ധ്യാപകർക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ള കമ്പനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) വൈപ്പിൻ മണ്ഡലത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര വിദ്യാലയങ്ങൾക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും, പ്രധാന അധ്യാപകർക്ക് തുക കൈമാറിയ തീയതി ഏതെന്നും വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**28.01.2014-ലെ മറുപടിക്ക്**

<u>സ്കൂൾ യൂണിഫോം</u>

2874 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു വിദ്യാർത്ഥിക്ക് എത്ര സെറ്റ് യൂണിഫോമാണ് വാങ്ങേണ്ടത് എന്ന് വ്യക്തമാക്കുമോ;

(ബി) യൂണിഫോമിന്റെ ഗുണനിലവാരം ഉറപ്പാക്കേണ്ടത് ആരാണെന്നും എങ്ങനെയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ യൂണിഫോം വിതരണ പദ്ധതി</u>

2875 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 അദ്ധ്യയന വർഷത്തിൽ കുട്ടികൾക്ക് സ്കൂൾ യൂണിഫോം വിതരണവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ നേട്ടമായി പ്രഖ്യാപിച്ച കാര്യങ്ങളിൽ എന്തെല്ലാം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) 2014 ജനുവരി 17-വരെ എത്ര കുട്ടികൾക്ക് യൂണിഫോം ലഭ്യമാക്കിയിട്ടുണ്ട്; ഇല്ലെങ്കിൽ എന്തുകൊണ്ട്?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

യൂണിഫോം വിതരണവുമായി ബന്ധപ്പെട്ട്
ഡി. പി. ഐ. യുടെ ഉത്തരവ്

2876 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യൂണിഫോം വിതരണവുമായി ബന്ധപ്പെട്ട് ഡി. പി. ഐ. യുടെ 5.12.2013-ലെ ഉത്തരവുപ്രകാരം എംപാനൽ ചെയ്ത കമ്പനികളിൽനിന്നും യൂണിഫോം ലഭിക്കാത്ത പക്ഷം പുറത്തുനിന്ന് വാങ്ങാൻ നിർദ്ദേശിക്കുകയും അതോടൊപ്പം നടപ്പിലാക്കാൻ കഴിയാത്ത നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്തത് നിർദ്ദിഷ്ട കമ്പനികളെ മാത്രം സഹായിക്കാനാണോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ 4(ബി)-യിൽ ഓപ്പൺ മാർക്കറ്റിൽനിന്ന് വാങ്ങുമ്പോൾ ഭാരത സർക്കാരിന്റെ ടെക്സറ്റൈൽ മന്ത്രാലയം അംഗീകരിച്ച ലാബുകളിൽനിന്ന് സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത് എത്രത്തോളം പ്രായോഗികമാണ് എന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ ഇത്തരത്തിൽ എത്ര ലാബുകൾ ഉണ്ട്; ഇതിനായുള്ള നടപടിക്രമങ്ങളുടെ വിവരം എല്ലാ സ്കൂളുകളിലും അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ഓരോ ബാച്ച് തുണിത്തരങ്ങൾക്കും നിർദ്ദിഷ്ട സർട്ടിഫിക്കറ്റ് നേടുന്നതിന് പ്രത്യേക ഫീസ് നിലവിലുണ്ടോ; എങ്കിൽ ഈ ഫീസ് സർക്കാർ എപ്രകാരം നൽകാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ഈ അദ്ധ്യയനവർഷത്തിൽ തന്നെ മേൽനടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി കുട്ടികൾക്ക് എന്നുമുതൽ യൂണിഫോം വിതരണം ചെയ്യാനാകും; വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>യൂണിഫോം വ്യവസ്ഥകൾ</u>

2877 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യൂണിഫോം വിതരണവുമായി ബന്ധപ്പെട്ട് ഡി. പി. ഐ. പുറപ്പെടുവിച്ച SP2/42544/13(DPI) dt.05.12.2013 സർക്കുലർ പ്രകാരം ഒരു കുട്ടിക്ക് രണ്ട് യൂണിഫോം നൽകുന്നതിന് തയ്യൽകൂലിയടക്കം പരമാവധി 400 രൂപ എന്ന വ്യവസ്ഥ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിൽ ഏഴാം സ്റ്റാൻഡേർഡ് വരെയുള്ള ആൺകുട്ടികൾക്ക് 'നിക്കറും' 'അരക്കൈ' ഷർട്ടും എന്ന് നിർദ്ദേശിക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ; എന്തെങ്കിലും കൂടിയാലോചനകൾ ഇക്കാര്യത്തിൽ നടത്തിയിട്ടാണോ പ്രസ്തുത തീരുമാനം സർക്കാർ സ്വീകരിച്ചത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ യൂണിഫോം വിതരണം - കമ്പനികളുമായി ധാരണ</u>

2878 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ യൂണിഫോം വിതരണത്തിന് എത്ര കമ്പനികളുമായി മാത്രം സർക്കാർ ധാരണയിലെത്താനാണ് ഉദ്ദേശിക്കുന്നത്; ഇതിനിടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ;

(ബി) സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ നിലവിലുള്ള യൂണിഫോം ഘടന(കളർ+ഡിസൈൻ)എത്ര എണ്ണം മേൽപ്പറഞ്ഞ കമ്പനികൾക്ക് ലഭ്യമാക്കാനാകും; വിശദ വിവരം നൽകുമോ;

(സി) സൗജന്യ യൂണിഫോമിന്റെ പരിധിയിൽ വരാത്ത എ. പി. എൽ. വിഭാഗത്തിലെ ആൺകുട്ടികൾ നിലവിലുള്ള യൂണിഫോമിൽ തുടരുകയും, മഫത്തലാൽ കമ്പനി പതിനൊന്ന് കളർ ഡിസൈനിൽ മാത്രം യൂണിഫോം ലഭ്യമാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സ്കൂളുകളിൽ പൊതു യൂണിഫോം എന്ന നിലവിലുള്ള സ്ഥിതി എങ്ങനെ തുടരാനാകും; വിശദീകരണം നൽകുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

കൊരട്ടി പഞ്ചായത്ത് എൽ. പി. സ്കൂൾ

2879 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗ്രാമ പഞ്ചായത്ത് മാനേജ്മെന്റിന് കീഴിൽ പ്രവർത്തിക്കുന്ന കൊരട്ടി പഞ്ചായത്ത് എൽ. പി. സ്കൂളിനെ യു. പി. സ്കൂളാക്കി ഉയർത്തുന്നതിനായുള്ള അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്കൂളിലെ പ്രധാനാദ്ധ്യാപികയെ ക്ലാസ്സ് ചാർജിൽനിന്നും ഒഴിവാക്കുന്നത് സംബന്ധിച്ചും, ശമ്പള ഹെഡ് ഗവൺമെന്റ് സ്കൂളുകളുടേതിന് സമാനമാക്കുന്നത് സംബന്ധിച്ചുമുള്ള അപേക്ഷകളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**28.01.2014–ലെ മറുപടിക്ക്**

<u>സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ വിപുലീകരണവും പരിഷ്ക്കരണവും</u>

2880 ശ്രീ. പി. എ. മാധവൻ
,, സണ്ണി ജോസഫ്
,, റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിപുലീകരണവും പരിഷ്കരണവും സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

**ആർ.എം.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യൽ**

2881 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതിയിലുൾപ്പെടുത്തി ഇനിയും സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്കൂളുകളാണ് അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

**കൊയിലാണ്ടി, പയ്യോളി കീഴൂര്‍ ഗവ. യു.പി. സ്കൂളിന്റെ അപ്ഗ്രഡേഷന്‍**

2882 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആര്‍.എം.എസ്.എ. പദ്ധതി പ്രകാരം ഹൈസ്കൂളായി ഉയര്‍ത്തുന്നതിനായി പരിഗണിച്ചിരുന്ന കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ സ്കൂളുകള്‍ ഏതെല്ലാമായിരുന്നു എന്നതു വ്യക്തമാക്കുമോ;

(ബി) കൊയിലാണ്ടിയില്‍ പയ്യോളി പഞ്ചായത്തില്‍പ്പെടുന്ന കീഴൂര്‍ സര്‍ക്കാര്‍ യു.പി. സ്കൂള്‍ ഹൈസ്കൂളായി ഉയര്‍ത്തുന്നതിന് ആര്‍.എം.എസ്.എ.യുടെ ആദ്യപട്ടികയില്‍പ്പെട്ടിരുന്നതും, എന്നാല്‍ അപ്ഗ്രഡേഷനായി വന്ന അന്തിമപട്ടികയില്‍പ്പെടാതെ തഴയപ്പെട്ടതായുമുള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) കീഴൂര്‍ സര്‍ക്കാര്‍ യു.പി. സ്കൂള്‍ ഹൈസ്കൂളായി ഉയര്‍ത്തുന്നതിനു ലഭിച്ച നിവേദനം പരിഗണിച്ചിട്ടുണ്ടോ;

(ഡി) സര്‍ക്കാര്‍ ഹൈസ്കൂള്‍ ഇല്ലാത്ത പയ്യോളി പഞ്ചായത്തില്‍ കീഴൂര്‍ സര്‍ക്കാര്‍ യു.പി. സ്കൂള്‍ ഹൈസ്കൂളായി ഉയര്‍ത്താന്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്തിട്ടുള്ള സ്കൂളുകൾ</u>

2883

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ൽ ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; മേൽ തസ്തികകളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

തിരൂരങ്ങാടി, മണ്ണാർക്കാട് വിദ്യാഭ്യാസ ജില്ലാ ഓഫീസുകളുടെ പ്രവർത്തനം

2884 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച തിരൂരങ്ങാടി, മണ്ണാർക്കാട് വിദ്യാഭ്യാസ ജില്ലാ ഓഫീസുകളുടെ പ്രവർത്തനത്തിനായി കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ ഓഫീസുകളിൽ ഡി.ഇ.ഒ, പേഴ്സണൽ അസിസ്റ്റന്റ്, സൂപ്രണ്ടുമാർ, ക്ലാർക്കുമാർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നിവരെ നിയമിച്ചിട്ടുണ്ടോയെന്നും, അവർ ആരെല്ലാമാണെന്നും ഇവരിൽ ആരെല്ലാം ജോലിയിൽ പ്രവേശിച്ചുവെന്നും വിശദമാക്കുമോ;

(സി) നിയോഗിച്ച മിനിസ്റ്റീരിയൽ ജീവനക്കാരിൽപ്പെട്ട ക്ലാർക്കുമാർ, ലാസ്റ്റ്ഗ്രേഡ് ജീവനക്കാർ എന്നിവർ ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ ഈ തസ്തികകളിൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(ഡി) സ്ഥലമാറ്റം ലഭ്യമായ ജീവനക്കാർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ ഒഴിവ് വന്ന ഓഫീസുകളിലെ തസ്തികകൾ പി. എസ്. സി വഴി നികത്തുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

<u>കുടിയേറ്റ മേഖലയിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്ക് അംഗീകാരം</u>

2885 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ പ്രവർത്തിക്കുന്ന കുടിയേറ്റ മേഖലയിലെ സ്കൂളുകൾക്ക് പ്രത്യേക പരിഗണന നൽകുന്നത് സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കാമോ ;

(ബി) കുടിയേറ്റ മേഖലയിൽ എത്ര ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നുണ്ട് ; ഇവയിൽ എത്ര എണ്ണം അംഗീകാരത്തിനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) കുടിയേറ്റ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകി പത്തു വർഷക്കാലമായി കേരള സിലബസിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്ക് സർക്കാർ അംഗീകാരം നൽകുമോ ?

**കേരള നിയമസഭ**

**28.01.2014–ലെ മറുപടിക്ക്**

<u>പ്രീ പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള സഹായധനം</u>

2886 ശ്രീ. എം. പി. വിൻസെന്റ്

'' സണ്ണി ജോസഫ്

'' ബെന്നി ബെഹനാൻ

'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളിലെ പ്രീ പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും നല്കുന്ന സഹായധനം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ഇവരുടെ നിയന്ത്രണം ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ആനുകൂല്യങ്ങൾക്ക് എന്ന് മുതലാണ് പ്രാബല്യമുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള ഫണ്ടിന്റെ വിതരണം</u>

2887 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 2011-12 വർഷത്തിൽ ലഭിച്ച അപേക്ഷകളിൽ കേന്ദ്ര ഗവൺമെന്റ് എത്ര അപേക്ഷകരെയാണ് ധനസഹായത്തിനായി തെരഞ്ഞെടുത്തത്;

(ബി) കേന്ദ്ര സർക്കാരിൽ നിന്ന് ഈയിനത്തിൽ 2011-12 വർഷത്തിൽ ഇതുവരെ എത്ര രൂപയുടെ ഫണ്ട് ലഭിച്ചു;

(സി) ഈ ഫണ്ട് മുഴുവൻ സംസ്ഥാനത്തെ ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇതുവരെ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്ത ഫണ്ടിന്റെ കണക്കുകൾ ജില്ല തിരിച്ചും സ്ഥാപനങ്ങൾ തിരിച്ചും വിശദമാക്കാമോ;

(ഇ) ഒന്നാം ഗഡു ലഭിച്ച സ്ഥാപനങ്ങൾ വിനിയോഗ സർട്ടിഫിക്കറ്റുകൾ യഥാസമയം ഡി.ഡി. ഓഫീസിലും ഡി.പി.ഐ ഓഫീസിലും എത്തിച്ചിട്ടും കേന്ദ്രസർക്കാരിൽ പ്രൊപ്പോസൽ എത്തിക്കാതെ ഫണ്ട് താമസിപ്പിച്ച സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(എഫ്) 2011-12 വർഷത്തെ ഫണ്ട് വിനിയോഗം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ജി) 2011-12 വർഷത്തെ ഫണ്ട് വിനിയോഗം പൂർത്തീകരിക്കാത്തതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ (2012-13) ഐ.ഡി.എം.ഐ ഫണ്ടിനായുള്ള അപേക്ഷ കേന്ദ്രം പരിഗണിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

റാന്നി താലൂക്കിൽ പുതിയ വിദ്യാഭ്യാസ ജില്ല

2888 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ സർക്കാർ/എയ്ഡഡ് മേഖലയിലെ എൽ.പി./യു.പി./ഹൈസ്കൂൾ/ഹയർ സെക്കൻഡറി സ്കൂൾ എത്രവീതമാണുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിൽ റാന്നി താലൂക്കിലുൾപ്പെടുന്ന സ്കൂളുകളുടെ എണ്ണം എത്ര;

(ബി) പത്തനംതിട്ട ജില്ലയിൽ എത്ര വിദ്യാഭ്യാസ ജില്ലകളാണുള്ളത്; അവ ഏതൊക്കെ; ഓരോ വിദ്യാഭ്യാസ ജില്ലയിലും ഉൾപ്പെടുന്ന എൽ.പി./യു.പി./ഹൈസ്കൂളുകളുടെ എണ്ണം എത്ര; ഓരോ വിദ്യാഭ്യാസ ജില്ലയിലും റാന്നി താലൂക്കിലുൾപ്പെടുന്ന എത്രവീതം സ്കൂളുകളാണുള്ളത്;

(സി) ജില്ലയിൽ രണ്ട് വിദ്യാഭ്യാസ ജില്ല മാത്രമുള്ളതുമൂലം സ്കൂൾ അധികൃതരും ജീവനക്കാരും ഒരേപോലെ കഷ്ടത അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജീവനക്കാരുടെ അമിതജോലിഭാരം പരിഗണിച്ചും സ്കൂൾ അധികൃതരുടെ സൗകര്യം പരിഗണിച്ചും റാന്നി താലൂക്കിലെ സ്കൂളുകളെല്ലാം കൂട്ടിച്ചേർത്ത് ഒരു പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>പട്ടാമ്പി ജില്ലാ വിദ്യാഭ്യാസ ഓഫീസ്</u>

2889 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ പട്ടാമ്പി, തൃത്താല നിയോജക മണ്ഡലങ്ങൾക്കായി പട്ടാമ്പി ആസ്ഥാനമായി ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>പി.റ്റി.എ.യുടെ നിയന്ത്രണത്തിൽ അൺ–എയ്ഡഡ് യു.പി. ക്ലാസ്സുകൾ</u>

2890 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ഥലസൗകര്യമുള്ള സർക്കാർ എൽ.പി. സ്കൂളുകളിൽ പി.റ്റി.എ.യുടെ നിയന്ത്രണത്തിൽ അൺ–എയ്ഡഡ് യു.പി. ക്ലാസ്സുകൾ ആരംഭിക്കാൻ അനുമതി നൽകാൻ സർക്കാർ സന്നദ്ധമാവുമോ;

(ബി) ഇപ്പോൾ നാലാം ക്ലാസ്സ് വരെയുള്ള അംഗീകൃത അൺ–എയ്ഡഡ് എൽ.പി.സ്കൂളുകളിൽഅഞ്ചാം ക്ലാസ്സ്ആരംഭിക്കുന്നതിന്കേന്ദ്രവിദ്യാഭ്യാസസംരക്ഷണനിയമപ്രകാരം തടസ്സമുണ്ടോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>അൺ–ഇക്കണോമിക് സർക്കാർ സ്കൂളുകളുടെ സ്ഥലം</u>

2891 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ–ഇക്കണോമിക് സർക്കാർ സ്കൂളുകളുടെ സ്ഥലം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ, ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതെങ്കിലും സ്കൂളുകൾ ഉദ്യോഗസ്ഥർ സന്ദർശിക്കുകയോ, എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ, ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>പാലക്കാട് വിളയൂർ ഹൈസ്കൂളിന് കെട്ടിട നിർമ്മാണം</u>

2892 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിളയൂർ ഹൈസ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് പട്ടാമ്പി എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് പണമനുവദിച്ചിട്ടും കെട്ടിടം നിർമ്മിക്കേണ്ട സ്ഥലം ആരോഗ്യ വകുപ്പിൽ നിന്നും വിട്ട് കിട്ടാത്തത് കാരണം ടെൻഡർ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിലേയ്ക്ക് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കുളത്തൂർ വി.എച്ച്.എസ്.ഇ. സ്കൂളിന്റെ സ്ഥലം</u>

2893 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളത്തൂർ വി.എച്ച്.എസ്.ഇ. സ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടോ; എങ്കിൽ സ്ഥലത്തിന്റെ അളവും സർവ്വേ നമ്പരും വ്യക്തമാക്കുമോ; ഭൂമി എങ്ങനെയാണ് വി.എച്ച്.എസ്.ഇ. വകുപ്പിന് ലഭ്യമായത്; വിശദമാക്കാമോ;

(ബി) വി.എച്ച്.എസ്.ഇ. കോമ്പൗണ്ടിൽനിന്നും ഭൂമി മറ്റേതെങ്കിലും വകുപ്പിനോ സ്ഥാപനത്തിനോ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>കുളത്തൂർ ടെക്നിക്കൽ ഹൈസ്ക്കൂളിന് നിർമ്മിച്ച കെട്ടിടം</u>

2894 ശ്രീ.ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളത്തൂർ ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാൻ എന്നാണ് ഭരണാനുമതി ലഭിച്ചത്; എത്ര രൂപയുടെതായിരുന്നു ഭരണാനുമതി;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത്; എന്നാണ് പണി പൂർത്തിയായത്;പൂർത്തിയായ കെട്ടിടം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത്കൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ടെക്നിക്കൽ ഹൈസ്കൂളിന് വേണ്ടി നിർമ്മിച്ച കെട്ടിടം മറ്റ് ഏതെങ്കിലും വകുപ്പിന് വിട്ടുനൽകാൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ടെക്നിക്കൽ ഹൈസ്കൂളിന് പ്രവർത്തിക്കാനുള്ള എല്ലാ ഭൗതിക സാഹചര്യവും നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ ആവശ്യത്തിനായി നിർമ്മിച്ച കെട്ടിടം എന്തുകൊണ്ടാണ് സാങ്കേതിക വകുപ്പിന് കൈമാറാതിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ടെക്നിക്കൽ ഹൈസ്കൂളിന് സ്വന്തമായി എത്ര ഭൂമിയാണ് നിലവിൽ ഉളളത്; എങ്ങനെയാണ് ഈ ഭൂമി വകുപ്പിന് ലഭിച്ചത്;

(എഫ്) ടെക്നിക്കൽ ഹൈസ്കൂളിന്റെ കൈവശമുളള ഭൂമി മറ്റ് ഏതെങ്കിലും വകുപ്പിന് കൈമാറാൻ സർക്കാർ ഉത്തരവിട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ഓപ്പൺ സ്കൂൾ നിയമനങ്ങൾ

2895 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, സാജു പോൾ
,, രാജു എബ്രഹാം
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്. സി. ഇ. ആർ. ടി ക്ക് കീഴിലുള്ള ഓപ്പൺ സ്കൂളിൽ അടുത്തകാലത്തായി പുതിയ നിയമനം നടത്തുകയുണ്ടായോ; ഏതെല്ലാം തസ്തികകളിൽ എത്ര പേരെ നിയമിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) പുതിയ നിയമനം നടത്തുന്നതിന് നിലവിൽ ഒഴിവുകളുണ്ടായിരുന്നോ; എങ്കിൽ ഇത്രയധികം തസ്തികകൾ ഒന്നിച്ച് ഒഴിവുവരാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) പുതിയ ജീവനക്കാരെ നിയമിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നോ; വിശദാംശം നൽകാമോ;

(ഡി) ഓരോ തസ്തികയിലും നിയമനം ലഭിച്ചവർക്ക് സ്പെഷ്യൽ റൂൾ പ്രകാരമുള്ള യോഗ്യതയുണ്ടായിരുന്നുവോ;

(ഇ) നിയമനം ലഭിച്ചവരുടെ തസ്തികയും യോഗ്യതയും സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്താമോ;

(എഫ്) നിയമനത്തിന് ജോലിയിലുള്ള മുൻപരിചയത്തിന് മുൻഗണന നൽകിയിരുന്നോ; മുൻപരിചയമുള്ള അപേക്ഷകർ ഉണ്ടായിരുന്നോ; അവരെ നിയമനത്തിന് പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ജി) ഈ നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

പുതിയ വിദ്യാഭ്യാസ ജില്ലാ ഓഫീസുകളിലും ഹയർ സെക്കൻഡറി മലബാർ മേഖല കേന്ദ്രത്തിലും നടത്തിയ നിയമനം

2896 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച വിദ്യാഭ്യാസ ജില്ലാ ഓഫീസുകളിലും ഹയർ സെക്കണ്ടറി മലബാർ മേഖലാ കേന്ദ്രത്തിലും നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഓരോ ഓഫീസുകളിലും നിയമനത്തിനായി ജീവനക്കാരുടെ പുനർ വിന്യാസം നടത്തുകയോ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഓരോ ഓഫീസിലും നിലവിലുള്ള തസ്തികകളും ജീവനക്കാരും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പുനർ വിന്യസിക്കപ്പെട്ട ജീവനക്കാർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത തസ്തികകളിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്തുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ആർ. ഡി. ഡി. ഓഫീസുകളിലെ പരിശോധന</u>

2897 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററിയുടെ മേഖല ഡെപ്യൂട്ടി ഡയറക്ടർ (ആർ. ഡി. ഡി.) ഓഫീസുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു; ഓരോ ആർ. ഡി. ഡി. ഓഫീസുകളുടെയും പരിധിയിൽ വരുന്ന വിദ്യാഭ്യാസ ജില്ലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ. ഡി. ഡി ഓഫീസുകളിൽ എത്രയെണ്ണത്തിൽ റെയ്ഡോ, മിന്നൽ പരിശോധനയോ നടക്കുകയുണ്ടായി; ഇവയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കുമോ;

(സി) ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം; ഇവരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഡി) സേവനാവകാശ നിയമ പ്രകാരം 'ആനുകൂല്യങ്ങൾ നിശ്ചിത സമയത്ത് ലഭ്യമാക്കും' എന്ന ബോർഡ് ഓരോ ഓഫീസിലും പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥ ആർ. ഡി.ഡി ഓഫീസുകളിൽ പാലിച്ചിട്ടുണ്ടോ; ഇല്ല എങ്കിൽ കാരണം എന്ത് എന്ന് വ്യക്തമാക്കുമോ;

(ഇ) റെയ്ഡോ, മിന്നൽ പരിശോധനയോ നടത്താത്ത വ്യാപകമായ ക്രമക്കേട് വരുത്തുന്ന മറ്റ് ആർ.ഡി.ഡി. ഓഫീസുകൾ ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(എഫ്) ഹയർ സെക്കന്ററി എറണാകുളം ആർ.ഡി.ഡി ഓഫീസിൽ ഇത്തരത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യം വേണ്ട മിന്നൽ പരിശോധനകൾ നടത്താൻ തയ്യാറാകുമോ;

(ജി) എറണാകുളം ആർ.ഡി.ഡി ഓഫീസിൽ ആർ.ഡി. ഡി. ഉൾപ്പെടെ എത്ര ജീവനക്കാരുണ്ട്; എത്ര ഹയർ സെക്കന്ററി സ്കൂളുകൾ ഇതിന്റെ പരിധിയിൽ വരുന്നു;

ഇവിടുത്തെ ജീവനക്കാരുടെ ഹാജർ നില സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ജീവനക്കാർ കൃത്യസമയത്ത് ഓഫീസിൽ വരാത്തതും വളരെനേരത്തെ ഓഫീസ് വിട്ട് പോകുന്നതിനെ സംബന്ധിച്ചും വ്യാപകമായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം വ്യക്തമാക്കുമോ;

(എച്ച്) എങ്കിൽ അധ്യാപകർക്കും മറ്റുള്ളവർക്കും യഥാസമയം ഇവിടത്തെ ജീവനക്കാരുടെ സേവനം ലഭ്യമല്ലാത്തതിനാൽ ഇവരുടെ സേവനം യഥാസമയം ലഭ്യമാക്കാൻ എന്തുനടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ഹയർസെക്കന്ററി സ്കൂളുകളിലെ അധ്യാപകേതര ജീവനക്കാരുടെ ദൗർലഭ്യം</u>

2898 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി സ്കൂളുകളിൽ ആവശ്യത്തിന് അധ്യാപകേതര ജീവനക്കാരെ നിയമിക്കാത്തതിനാൽ പ്രിൻസിപ്പൽമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായത്ര ജീവനക്കാരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>ഹയർസെക്കന്ററി സ്കൂളുകളിലെ രണ്ടാം ഭാഷാപഠനം</u>

2899 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി സ്കൂളുകളിൽ നാല് ഭാഷകളിൽനിന്നും സെക്കന്റ് ലാംഗേജ് തെരഞ്ഞെടുത്ത് പഠിക്കാൻ വിദ്യാർത്ഥികൾക്ക് സൗകര്യമുണ്ടായിരുന്നത് നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സെക്കന്റ് ലാംഗേജ് ആയി രണ്ട് ഭാഷകൾ മാത്രമേ പഠിപ്പിക്കാവൂവെന്ന് ഉത്തരവ് നൽകിയിട്ടുണ്ടോ ;

(സി) നിലവിലുണ്ടായിരുന്ന നാല് ഭാഷകളിൽനിന്നും സെക്കന്റ് ലാംഗേജ് തെരഞ്ഞെടുത്ത് പഠിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്ന മുൻ ഉത്തരവ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ഹയർസെക്കന്ററി അദ്ധ്യാപക നിയമനം</u>

2900 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർസെക്കന്ററി അദ്ധ്യാപക നിയമനത്തിൽ, നേരിട്ടുള്ള നിയമനത്തിനും സ്ഥാനക്കയറ്റത്തിലൂടെയുള്ള നിയമനത്തിനും ഓരോന്നിനും എത്ര ശതമാനം ക്വാട്ടയാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി അദ്ധ്യാപകർ, മിനിസ്റ്റീരിയൽ ജീവനക്കാർ എന്നീ വിഭാഗങ്ങളിൽ നിശ്ചിത യോഗ്യതയുള്ളവരിൽനിന്നും എത്ര ശതമാനം പേരെ സ്ഥാനക്കയറ്റം നൽകി ഇതുവരെ നിയമിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പൊതുവിദ്യാഭ്യാസവകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ ബൈപ്രൊമോഷൻ വഴി ഹയർ സെക്കന്ററി അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ, പൊതുവിദ്യാഭ്യാസവകുപ്പിലെ പ്രൈമറി അദ്ധ്യാപകർ, ഹൈസ്കൂൾ അദ്ധ്യാപകർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നിവരെ ഹയർസെക്കണ്ടറി അദ്ധ്യാപകരായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതുപോലെ പൊതുവിദ്യാഭ്യാസവകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്കും ബൈപ്രോമോഷൻ വഴി സ്ഥാനക്കയറ്റം നല്കി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>മലബാർ മേഖലയിലെ ഹയർസെക്കന്ററി സ്കൂളുകൾ</u>

2901 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ഹയർസെക്കന്ററി സ്കൂളുകളാണ് അനുവദിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിലെ അധ്യാപക നിയമനം അംഗീകരിക്കുന്നതിന്റെ നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ;

(സി) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിന്റെ കോഴിക്കോട് റീജിയണൽ ഡയറക്ടറുടെ ഓഫീസിൽ ജീവനക്കാരുടെ കുറവ്, പ്രസ്തുത നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് തടസ്സമാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികളാണ് ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ളത്?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>നെന്മാറ മുതലമട ഗവ.ഹയർസെക്കണ്ടറി സ്കൂളിൽ തമിഴ് മീഡിയം</u>

2902 ശ്രീ.വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ തമിഴ് മീഡിയം വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ പഠനം കഴിഞ്ഞ് തുടർ പഠനം നടത്തുന്നതിന് ഹയർ സെക്കണ്ടറി തലത്തിൽ തമിഴ്മീഡിയം ക്ലാസ് ഇല്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുതലമട ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ തമിഴ് മീഡിയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(സി) തമിഴ്ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അടിയന്തിരമായി തമിഴ്മീഡിയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി സ്കൂളുകളിലെ പഠന ദിവസങ്ങൾ കുറയ്ക്കാൻ നടപടി</u>

2903 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആഴ്ചയിൽ അഞ്ച് ദിവസം പ്രവർത്തിക്കുമ്പോൾ ഹയർ സെക്കന്ററി സ്കൂളുകൾ മാത്രം ആറ് ദിവസം പ്രവർത്തിക്കണമെന്ന നിബന്ധന നൽകിയത് സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ഈ വിഷയത്തിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പഠന ദിവസങ്ങൾ ആഴ്ചയിൽ അഞ്ച് ദിവസമായി ഹയർ സെക്കന്ററി സ്കൂളുകളിലും നിജപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ആയത് എന്നത്തേയ്ക്ക് നടപ്പാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>തെക്കേക്കര പഞ്ചായത്തിൽ ഹയർസെക്കന്ററി സ്കൂൾ അനുവദിക്കാൻ നടപടി</u>

2904 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഹയർസെക്കന്ററി സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകൾ ഉണ്ടോ; ഈ പഞ്ചായത്തുകളിൽ ഉള്ള സർക്കാർ ഹൈസ്കൂളുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) തെക്കേക്കര പഞ്ചായത്തിൽ എത്ര ഗവ. ഹയർസെക്കന്ററി സ്കൂളുകൾ ഉണ്ട്; ഇല്ലെങ്കിൽ ഹയർസെക്കന്ററി സ്കൂൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ സ്കൂളുകളിൽ ഹയർ സെക്കൻഡറി വിഭാഗം അനുവദിക്കുന്നതിന് നടപടി</u>

2905 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ഏതെല്ലാം സ്കൂളുകളിൽനിന്നുമാണ് ഹയർ സെക്കൻഡറി വിഭാഗം അനുവദിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) വീയപുരം ഗവൺമെന്റ് ഹൈസ്കൂളിലും തലവടി റ്റി. എം. റ്റി. ഹൈസ്കൂളിലും ഹയർ സെക്കൻഡറി അനുവദിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷകളിൻമേൽ ഇതുവരെ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) കുട്ടനാട്ടിൽ ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹയർ സെക്കൻഡറി അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം</u>

2906 ശ്രീ. എ. റ്റി. ജോർജ്
'' ബെന്നി ബെഹനാൻ
'' അൻവർ സാദത്ത്
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ ഇളവ് വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അനുപാതത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഏത് അദ്ധ്യയനവർഷം മുതലാണ് ഇത് പ്രാബല്യത്തിൽ വന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

വടകരയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ സീറ്റ് വർദ്ധിപ്പിക്കൽ

2907 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്ക് സമുച്ചത്തിൽ നേരത്തെ വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസായി ഉപയോഗിച്ച കെട്ടിടം ഒരു ഓഡിറ്റോറിയം ആക്കി ഉപയോഗിക്കാൻ നിർദ്ദേശം നൽകുമോ ;

(ബി) വടകരയിലെ ബിഇഎം ഹൈസ്കൂൾ, മദ്രസ്സ ഹൈസ്കൂൾ, ജെ.എൻ. എം. ഹൈസ്കുൾ, ട്രയിനിംഗ ഹൈസ്കൂൾ, ചോറോട് ഹൈസ്കൂൾ, അഴിയൂർ ഹൈസ്കുൾ, മടപ്പള്ളി ഹൈസ്കുൾ എന്നിവിടങ്ങളിൽ എസ്.എസ്.എൽ.സി-യ്ക്ക് കഴിഞ്ഞ വർഷം എത്ര കുട്ടികൾ പരീക്ഷ എഴുതിയെന്ന് വ്യക്തമാക്കാമോ ;

(സി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് വിജയം നേടുന്ന 95% വിദ്യാർത്ഥികളും ഹയർസെക്കണ്ടറിക്ക് ചേരുന്നതിനാൽ ഇതിനാവശ്യമായ സീറ്റ് ഈ വിദ്യാലയങ്ങളിൽ ഉണ്ടാകുമോ ;

(ഡി) വടകര മേഖലയിലെ ഹൈസ്കുളുകളിൽ ഹയർസെക്കണ്ടറിയുടെ സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഹയർസെക്കണ്ടറി ഇല്ലാത്ത ഹൈസ്കൂളിൽ, ഹയർസെക്കണ്ടറി അനുവദിക്കുമോ ?

**കേരള നിയമസഭ**
**28.01.2014–ലെ മറുപടിക്ക്**

<u>മറയൂർ ഹൈസ്കൂളിലെ എച്ച്.എസ്.എ നിയമനം</u>

T.2908 ശ്രീ. കെ. കെ. ജ.യചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എ (സോഷ്യൽ സ്റ്റഡീസ് – മലയാളം മീഡിയം) തസ്തികയിൽ നിയമനം നടത്തുന്നതിനായി പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്ന് അറിയാമോ; പ്രസ്തുത ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്നും ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്നും അറിയിക്കുമോ;

(ബി) 2014 മാർച്ച് 31 വരെ പ്രസ്തുത തസ്തികയിൽ ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) മറയൂർ ഹൈസ്കൂൾ എച്ച്.എസ്.എ ശ്രീ. ഉമ്മർക്കുട്ടി സ്ഥലം മാറിപ്പോയതിനെ തുടർന്ന് എച്ച്.എസ്.എ തസ്തികയിൽ ഒഴിവ് ഉണ്ടായത് എന്നാണ്; ഈ ഒഴിവ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തത് എന്നാണ്; ഒഴിവ് യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

<u>പുതിയതായി എയ്ഡഡ് പദവി ലഭിച്ച സ്കൂളുകൾ</u>

2909 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സ്കൂളുകൾക്ക് പുതിയതായി എയ്ഡഡ് പദവി നൽകി എന്ന വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകൾ ഏതൊക്കെയാണന്ന് ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) പുതിയതായി എയ്ഡഡ് പദവി നൽകിയതിലൂടെ പ്രതിവർഷം സർക്കാരിന് എത്ര രൂപയുടെ അധിക ബാദ്ധ്യത ഉണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(ഡി) എയ്ഡഡ് പദവി നൽകിയതിലൂടെ എത്ര അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നിവർക്ക് സർക്കാർ ശമ്പളം നൽകേണ്ടി വന്നു എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

വിദ്യാഭ്യാസ വകുപ്പിൽ സേവനാവകാശ നിയമം

2910 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിയമം വഴി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനെക്കുറിച്ച് വ്യാപകമായ പ്രചാരണം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

കേന്ദ്രവിദ്യാഭ്യാസ അവകാശനിയമം

2911 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവിദ്യാഭ്യാസ അവകാശനിയമം പൂർണ്ണമായും സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ അധികാരപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ സംബന്ധിച്ച് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) കേന്ദ്രവിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ ശുചിത്വപരിശോധന</u>

2912

ശ്രീമതി പി. അയിഷാ പോറ്റി
ഡോ. കെ. ടി. ജലീൽ
ശ്രീ. പുരുഷൻ കടലുണ്ടി
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ആരോഗ്യ വകുപ്പ് ശുചിത്വപരിശോധന നടത്തുകയുണ്ടായോ;

(ബി) സ്കൂളുകളിൽ ശുചിത്വമില്ലാത്തതിന്റെ പേരിൽ സർക്കാർ സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകൾക്ക് നോട്ടീസ് നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും ശുചിത്വപരിശോധന നടത്തുന്നതിന് തയ്യാറാകുമോ;

(സി) വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം വേണ്ട രീതിയിൽ നടപ്പാക്കാത്തതാണ് ഇതിന് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഈ സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള പദ്ധതികൾ വേണ്ടവിധം നടപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>അധ്യാപകരുടെ ദിവസവേതനം</u>

2913 ശ്രീ. പാലോട് രവി
'' ഹൈബി ഈഡന്‍
'' ഷാഫി പറമ്പില്‍
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ അധ്യാപകരുടെ ദിവസവേതന നിരക്ക് വര്‍ദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) വേതന നിരക്ക് സംബന്ധിച്ച വിശദാംശങ്ങള്‍ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) എന്നു മുതലാണ് പ്രസ്തുത ആനുകൂല്യങ്ങള്‍ക്ക് പ്രാബല്യമുള്ളത്;

(ഡി) എത്ര കാലയളവില്‍ കുറവുള്ള ഒഴിവുകളിലേയ്ക്കാണ് ദിവസവേതനാടിസ്ഥാനത്തില്‍ അധ്യാപക നിയമനം നടത്തുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ പ്രവേശന രജിസ്റ്ററിലെ പാകപ്പിഴകൾ</u>

2914 ശ്രീ. ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പ്രവേശന രജിസ്റ്ററിലെ പാകപ്പിഴകൾ ശരിയാക്കാൻ ഹെഡ്മാസ്റ്റർമാർക്ക് അധികാരം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യം എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ഏതെല്ലാം വിവരങ്ങൾ തിരുത്താനാണ് അധികാരം നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിനായി ഏതെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത്;

(ഇ) ഇതു സംബന്ധിച്ച വ്യവസ്ഥകൾ കെ. ഇ. ആർ-ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാന സ്കൂൾ കലോൽസവ നടത്തിപ്പിലെ പരിഷ്ക്കാരങ്ങൾ</u>

2915 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കലോൽസവ നടത്തിപ്പിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിൽ വരുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഈ വർഷത്തെ കലോൽസവത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) കലോൽസവ ഫണ്ട് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ കലാ കായിക മേളകൾ അവധി ദിവസങ്ങളിൽ</u>

2916 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലാകായിക മേളകൾ അവധി ദിവസങ്ങളിൽ നടത്തുന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് വിദ്യാഭ്യാസ കലണ്ടർ പരിഷ്കരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇക്കാര്യങ്ങൾ വിവിധ അധ്യാപക പ്രസ്ഥാനങ്ങളുമായി ചർച്ച ചെയ്തു സമന്വയം ഉണ്ടാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാന സ്ക്കൂള്‍ കലാമേള നടത്തിപ്പിലെ അഴിമതി</u>

2917 ശ്രീ. എ. എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സംസ്ഥാന സ്ക്കൂള്‍ കലാമേള നടത്തിപ്പുമായി ബന്ധപ്പെട്ട് ഉയര്‍ന്നുവന്നിട്ടുള്ള അഴിമതിയാരോപണം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത അഴിമതിയാരോപണം അന്വേഷിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സ്ക്കൂള്‍ കലാമേള നടത്തിപ്പ് ചെലവ് മാനദണ്ഡങ്ങള്‍ പാലിക്കാതെയാണ് നടത്തിയിട്ടുള്ളതെന്ന് കണ്ടെത്തിയതാരാണ്;

(ഡി) എന്തൊക്കെ ആരോപണങ്ങളാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ഹയർസെക്കന്ററി റീജിയണൽ ഓഫീസുകളിലെ ജീവനക്കാർ

2918 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച ഹയർസെക്കന്ററി റീജിയണൽ ഓഫീസുകളിൽ നിലവിൽ വന്ന ഏതെല്ലാം തസ്തികകളിൽ ജീവനക്കാരെ നിയമിച്ചുവെന്നും ഇവരെ ഏതെല്ലാം ഓഫീസുകളിൽ നിന്നാണ് നിയോഗിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) ഈ ഓഫീസുകളിൽ നിന്നും ഇവരെ വിടുതൽ ചെയ്ത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം ഒഴിവുകൾ പി.എസ്.സി വഴി നികത്തുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

എയ്ഡഡ് സ്കൂളുകളിലെ പ്രീ- പ്രൈമറി അദ്ധ്യാപകരുടെ നിയമനം

2919 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ പ്രീപ്രൈമറി അദ്ധ്യാപകരുടെ നിയമനത്തിന്റെ മാനദണ്ഡമെന്താണ്;

(ബി) കേരളത്തിൽ എത്ര എയ്ഡഡ് സ്കൂളുകളിൽ എത്ര പ്രീ- പ്രൈമറി അദ്ധ്യാപകരുണ്ട്; ഇവർക്ക് ആരാണ് ശമ്പളം നൽകുന്നത്;

(സി) നിലവിൽ നൽകിവരുന്ന ശമ്പളം എത്രയാണെന്നും, ആയത് വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോയെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>എൽ.പി.എസ്.എ. നിയമനത്തിന് ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ്</u>

2920 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.പി.എസ്.എ. നിയമനത്തിന് ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് (ടെറ്റ്) പാസ്സായിരിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ എന്നു മുതലാണ് ഈ വ്യവസ്ഥ ഏർപ്പെടുത്തിയത്; അതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പി.എസ്.സി മുഖേന സർക്കാർ സ്കൂളുകളിൽ 2013 ൽ നിയമനം കിട്ടി ജോലിയിൽ തുടരുന്നവരുടെ കാര്യത്തിൽ ടെറ്റ് പാസ്സാകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിൽ യു.പി. ടീച്ചർ (മലയാളം മീഡിയം) തസ്തികയിലെ ഒഴിവുകൾ

2921 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ യു.പി. ടീച്ചർ (മലയാളം മീഡിയം) തസ്തികയിലെ 2014 മാർച്ച് 31 വരെ ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത തസ്തികയിൽ താല്ക്കാലികമായി അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ സ്കൂൾ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ എൽ. പി. എസ്. എ അദ്ധ്യാപക ഒഴിവുകൾ</u>

2922 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എൽ. പി. എസ്. എ തസ്തികയിൽ ഈ അധ്യയന വർഷത്തിൽ എത്ര ഒഴിവുകളിൽ നിയമനം നടത്തിയിട്ടുണ്ടെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2012-2013 അധ്യയന വർഷത്തിൽ കോഴിക്കോട് ജില്ലയിൽ വിരമിക്കൽ മൂലം ഹെഡ്മാസ്റ്റർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) സ്റ്റാഫ് ഫിക്സേഷൻ നടത്തിയതിനുശേഷമേ ഹെഡ്മാസ്റ്റർ തസ്തികയിൽ പ്രൊമോഷൻ നൽകിയതിലൂടെയുണ്ടായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാവൂ എന്ന് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്ത് ഏതെങ്കിലും ജില്ലകളിൽ ഇത്തരം ഒഴിവുകളിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ കോഴിക്കോട് ജില്ലയിലും പ്രസ്തുത ഉത്തരവ് പ്രകാരം നിയമനം നടത്താനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കോട്ടയം ജില്ലയിലെ ഹൈസ്കൂൾ അസിസ്റ്റന്റ് (ഹിന്ദി) നിയമനം</u>

2923 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 15.09.2007-ാം തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള ഹൈസ്കൂൾ അസിസ്റ്റന്റ് (ഹിന്ദി) റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ കോട്ടയം ജില്ലയിൽ എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ; 2014-2015 സാമ്പത്തിക വർഷം ഈ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് അറിയിക്കാമോ ;

(സി) ഈ ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം പരിഗണിക്കുമോ ; ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

പൊതുവിദ്യാഭ്യാസ വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ടവരുടെ സീനിയോറിറ്റി

2924 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ടവരുടെ സീനിയോറിറ്റി തർക്കവുമായി ബന്ധപ്പെട്ട് നിലവിൽ എത്ര പരാതികളാണ് സർക്കാരിലും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിലും നിലവിലുള്ളത് എന്നത് അറിയിക്കുമോ;

(ബി) രണ്ടുവർഷത്തിലധികമായി പരിഗണനയിലിരിക്കുന്ന ഇത്തരം എത്ര കേസ്സുകളുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(സി) ഇത്തരം തർക്കങ്ങൾ സംബന്ധിച്ച കേസുകൾ സമയബന്ധിതമായി തീർപ്പു കൽപിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള പ്രത്യേക പരാതി തീർപ്പ് പരിപാടി നടപ്പിലാക്കുമോ;

(ഡി) നിലവിലുള്ള മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജീവനക്കാരുടെ സീനിയോറിറ്റി, സ്പാർക്കുമായി ബന്ധപ്പെടുത്തി കുറ്റമറ്റരീതിയിൽ പ്രസിദ്ധീകരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇല്ലെങ്കിൽ ആയത് സമയബന്ധിതമായി നടപ്പിൽവരുത്തുന്നതിന് വേണ്ടി അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>അൺ-ഇക്കണോമിക് സ്കൂളുകളിലെ അദ്ധ്യാപകർക്ക് അംഗീകാരം</u>

2925 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ-ഇക്കണോമിക് സ്കൂളുകളിൽ സ്ഥിരം ഒഴിവുകളിൽ ചേർന്നിട്ടുള്ള അദ്ധ്യാപകർക്ക് അംഗീകാരം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2011-നുശേഷം ചേർന്നിട്ടുള്ള ഇത്തരം അദ്ധ്യാപകരുടെ കാര്യത്തിൽ സർക്കാരിന്റെ തീരുമാനമെന്താണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ യു. പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ</u>

2926 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറ്റിയമ്പതിൽ കൂടുതൽ കുട്ടികളുള്ള സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരെ അദ്ധ്യാപന ചുമതലയിൽ നിന്നും ഒഴിവാക്കിയപ്പോൾ തിരുവനന്തപുരം ജില്ലയിൽ എൽ. പി./യു. പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയിലുണ്ടായ എത്ര ഒഴിവുകൾ നികത്താനായിട്ടുണ്ട്; യു. പി. എസ്. എ. യുടെ ഒഴിവുകൾ സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്റ്റാഫ് ഫിക്സേഷൻ നടത്തി അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ തസ്തികകളിലെ എത്ര ഒഴിവുകൾ പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം എന്നത്തേക്ക് നടത്താൻ കഴിയും എന്നറിയിക്കുമോ;

(ഇ) നിയമനം നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെടുന്ന തസ്തികകൾ

2927 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) പദ്ധതി പ്രകാരം യു.പി. സ്കുളുകളിൽ ഹൈസ്കൂൾ വിഭാഗം ആരംഭിക്കുന്നതിന് തസ്തികകൾ സൃഷ്ടിക്കാൻ തിരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ തിരുവനന്തപുരം ജില്ലയിൽ ആകെ എത്ര സ്കൂളുകളാണ് അപ്ഗ്രേഡ് ചെയ്യുന്നത് ; സ്കൂളിന്റെ പേരും സ്ഥലവും വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം ജില്ലയിൽ അപ്ഗ്രേഡ് ചെയ്യുന്ന ഓരോ സ്കൂളുകളിലും അനുവദിച്ച തസ്തികകൾ ഏതൊക്കെയാണ് ;

(ഡി) ഇതിൽ എച്ച്.എസ്.എ. ഭാഷാ അദ്ധ്യാപകർ, കോർ വിഭാഗം എന്നിവ ഓരോന്നും ഓരോ സ്കൂളിലും എത്ര വീതം ആണ് ; ഇപ്രകാരം തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ ഡി.പി.ഐ.യിൽ ആരംഭിച്ച് കഴിഞ്ഞോ ; എങ്കിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഇ) തസ്തികകൾ സൃഷ്ടിച്ച് കഴിഞ്ഞാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണോ എല്ലാ നിയമനങ്ങളും നടത്തുന്നത് ;

(എഫ്) ആർ.എം.എസ്.എ. പദ്ധതിയിൽ സൃഷ്ടിക്കപ്പെടുന്ന തസ്തികകളിൽ പ്രമോഷൻ/ട്രാൻസ്ഫർ ഇവയ്ക്കുവേണ്ടി എത്ര തസ്തികകൾ തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നീക്കി വയ്ക്കും ; ഇങ്ങനെ തസ്തികകൾ മാറ്റുന്നുവെങ്കിൽ അത് ഏത് സർക്കാർ ഉത്തരവ് പ്രകാരമാണ് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ്

2928 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കാത്തവരെ സർക്കാർ സ്കൂളുകളിൽ പി.എസ്.സി വഴി നിയമിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ടെസ്റ്റ് വിജയിക്കാത്തവരെ എയ്ഡഡ് സ്കൂളുകളിൽ നിബന്ധനകൾക്ക് വിധേയമായി നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാമാണ് നിബന്ധനകൾ എന്ന് വ്യക്തമാക്കുമോ;

(ഡി) നിശ്ചിത കാലയളവിനുള്ളിൽ നിബന്ധനകൾ പാലിച്ചിട്ടില്ലെങ്കിൽ ഇങ്ങനെ നിയമിച്ച അദ്ധ്യാപകരെ പിരിച്ചുവിടുന്നതിന് സർക്കാരിനോ മാനേജർമാർക്കോ അധികാരമുണ്ടോ;

(ഇ) സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് നിയമനത്തിന് ടെസ്റ്റ് നിർബന്ധമാക്കുകയും എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനത്തിൽ ടെസ്റ്റ് യോഗ്യതയിൽ ഇളവ് അനുവദിക്കുകയും ചെയ്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

2929 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസാപ് (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) തിരുവനന്തപുരം ജില്ലയിൽ അടുത്ത അധ്യയന വർഷം ഏതെല്ലാം സ്കൂളുകളിൽ ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇത് കൊണ്ടുണ്ടാകുന്ന നേട്ടവും വ്യക്തമാക്കാമോ; ഇതിന്റെ മേൽനോട്ടം ആരാണ് വഹിക്കുന്നത്;

(ബി) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെവിടെയാണ് സ്കിൽ പാർക്ക് സ്ഥാപിക്കുന്നത്;

(സി) ഇതുമായി ബന്ധപ്പെട്ട് സ്ഥാപിക്കുന്ന കമ്മ്യൂണിറ്റി കോളേജുകളുടെ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ; കമ്മ്യൂണിറ്റി കോളേജുകൾ എവിടെയെല്ലാമാണ് തുടങ്ങുവാൻ കേന്ദ്രം അനുമതി നൽകിട്ടുള്ളത്; കമ്മ്യൂണിറ്റി കോളേജുകൾ എന്നു മുതൽ തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്?

## കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

2930 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലും കോളേജുകളിലുമാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടപ്പു സാമ്പത്തിക വർഷത്തെ ഭൗതിക ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയിൽ ഏതെല്ലാം പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കിയെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ അധ്യാപകർക്ക് ഇംഗ്ലീഷ് പരിശീലനം</u>

2931 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ അധ്യാപകർക്ക് ഇംഗ്ലീഷ് പരിശീലനത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പരിശീലന പരിപാടിയുടെ ചുമതല കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തെയാണോ ഏൽപിച്ചിരിക്കുന്നത്; അല്ലാത്തപക്ഷം പരിശീലന ചുമതല ഏൽപിച്ചിരിക്കുന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) എത്ര അധ്യാപകർക്ക് എത്ര ദിവസത്തെ പരിശീലനമാണ് പ്രസ്തുത പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

വിഭിന്ന ശേഷിയുള്ള
കുട്ടികൾക്കുള്ള പഠന സഹായ ഉപകരണങ്ങളുടെ
വിതരണം

2932

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഈ വർഷം സഹായ ഉപകരണങ്ങൾ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) ഉപകരണങ്ങളുടെ വിതരണ ചുമതല ഏത് ഏജൻസിക്കാണ് നൽകിയത്; ഏതെല്ലാം ഉപകരണങ്ങളാണ് വിദ്യാർത്ഥികൾക്ക് നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) അദ്ധ്യയന വർഷാരംഭത്തിൽ നൽകേണ്ട പഠന സഹായ ഉപകരണങ്ങൾ നൽകാതെ വീഴ്ചവരുത്തിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് പരിശീലനം

2933 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് പരി
ശീലനം നൽകുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം സ്കൂളുകളിലാണ് സാങ്കേതിക
സൗകര്യങ്ങളും കെട്ടിടങ്ങളും ഒരുക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സി-ആപ്റ്റിന്റെ ജീവനക്കാർക്ക് ശമ്പള കുടിശ്ശിക</u>

2934 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റിന്റെ ഹെഡ് ഓഫീസിലും വിവിധ സെന്ററുകളിലും ജോലിചെയ്ത ജീവനക്കാർക്ക് ആർക്കെങ്കിലും ശമ്പളകുടിശ്ശിക ഇനത്തിൽ തുക നൽകുവാനുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം ജീവനക്കാർക്ക് ഏതെല്ലാം മാസങ്ങളിലായി എത്ര രൂപ ശമ്പള കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ ശമ്പളകുടിശ്ശികയുള്ള ജീവനക്കാരിൽ ആർക്കെങ്കിലും ഭാഗികമായോ, മുഴുവനായോ കുടിശ്ശിക തുക നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ''നോൺ റീഫണ്ടബിൾ സാലറി അഡ്വാൻസ്'' എന്ന പേരിൽ ശമ്പളകുടിശ്ശികയിൽ നിന്നും ഓരോ വർഷവും ചിലർക്ക് മാത്രം തുക വിതരണം ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതുവരെ ഈയിനത്തിൽ ഓരോർത്തർക്കും എത്ര തുക നൽകിയെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) ശമ്പളകുടിശ്ശിക തീർത്ത് നൽകുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചതെന്നും, പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കും മുമ്പ് ശമ്പള കുടിശ്ശിക തീർത്ത് നൽകുമോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സ്കൂള്‍ ബസ് ഡ്രൈവര്‍മാരുടെ സേവന-വേതനവ്യവസ്ഥകള്‍</u>

2935 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സ്കൂള്‍ ബസ് ഡ്രൈവര്‍മാരുടെ സേവന-വേതനവ്യവസ്ഥകള്‍ സംബന്ധിച്ച് സര്‍ക്കാര്‍ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കില്‍, വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ബി) സര്‍ക്കാര്‍ സ്കൂളുകളിലെ ബസ് ഡ്രൈവര്‍മാരുടെ വേതനം പി.റ്റി.എ.കളാണു നല്‍കുന്നതെന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) സര്‍ക്കാര്‍ സ്കൂള്‍ ബസ് ഡ്രൈവര്‍മാര്‍ക്കു ദിവസവേതനം നല്‍കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എന്നുമുതല്‍ ദിവസവേതനം നല്‍കാനാകുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സർക്കാർ ഏറ്റെടുത്ത തദ്ദേശസ്വയംഭരണസ്കൂളുകളിലെ അധ്യാപകരുടെ ശമ്പളം</u>

2936 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള എത്ര സ്കൂളുകളാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത്; പ്രസ്തുത സ്കൂളുകളിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഈ സ്കൂളുകളിലെ ശമ്പളബില്ലുകൾ എയ്ഡഡ് സ്കൂളുകളിലെ ട്രഷറി ഹെഡ്ഡിൽ നിന്നും സർക്കാർ സ്കൂളുകളിലെ വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ. സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം</u>

2937 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുപ്പതോളം ആർ.എം.എസ്.എ. സ്കൂളുകളിലെ അദ്ധ്യാപകർക്ക് ആറുമാസമായി ശമ്പളം ലഭിക്കുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ ശമ്പളം വൈകുന്നതിനുള്ള കാരണമെന്താണെന്നു വിശദമാക്കുമോ;

(സി) തടസ്സങ്ങൾ നീക്കി എന്നത്തേയ്ക്കു ശമ്പളം നൽകാനാകുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ</u>

2938 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും അർഹമായ വേതനം ലഭിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും സേവന-വേതന വ്യവസ്ഥകൾ സർക്കാർ അംഗീകരിച്ചു നൽകിയിട്ടുണ്ടോ എന്നും എങ്കിൽ ആയതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ;

(സി) പ്രസ്തുത മേഖലയിലെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച എന്തെങ്കിലും കമ്മീഷൻ റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ പ്രസ്തുത ആവശ്യത്തിനായി ഒരു കമ്മീഷനെ നിയമിച്ച്, ഈ വിഷയത്തിൽ റിപ്പോർട്ട് ലഭ്യമാക്കി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>പ്രീ പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്കും ആയമാർക്കും ശമ്പളം ലഭ്യമാക്കുന്നതിന് നടപടി</u>

2939 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രൈമറി സ്കൂളുകളിൽ പ്രീ–പ്രൈമറി വിഭാഗം തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) സംസ്ഥാനത്തിൽ ഇത്തരത്തിൽ എത്ര പ്രീ–പ്രൈമറി വിഭാഗമാണ് പ്രൈമറി സ്കൂളുകളിലും, യു.പി. സ്കൂളുകളോടൊപ്പമുള്ള പ്രൈമറി വിഭാഗത്തിലും പ്രവർത്തിക്കുന്നത് എന്ന് അറിയിക്കുമോ;

(സി) അനുബന്ധ പ്രീ–പ്രൈമറി വിഭാഗത്തിൽ ശമ്പളമില്ലാതെ പ്രവൃത്തിയെടുക്കുന്ന പ്രീ–പ്രൈമറി അദ്ധ്യാപകരുടേയും ആയമാരുടേയും വിവരം ഇനം തിരിച്ച് അറിയിക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ഇ) ഇല്ലെങ്കിൽ ഈ വിഭാഗത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് വേതനം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ ശമ്പളവിതരണം</u>

2940 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ ശമ്പളം മാതൃസ്കൂളുകളിൽ എഴുതിവരുന്നതിലൂടെയുള്ള അസൗകര്യം ഒഴിവാക്കാൻ പ്രൊട്ടക്ടഡ് അദ്ധ്യാപകർക്ക് അവർ പഠിപ്പിക്കുന്ന സ്കൂളുകളിൽതന്നെ ശമ്പളം എഴുതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകരുടെ പി.എഫ് ക്രെഡിറ്റ് കാർഡ്</u>

2941 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് പി.എഫ് ക്രെഡിറ്റ് കാർഡ് അവസാനമായി നൽകിയ വർഷം ഏതാണെന്ന് വ്യക്തമാക്കാമോ; ഈ വിഭാഗം അദ്ധ്യാപകർക്ക് 2006 ന് ശേഷം പി.എഫ്. ക്രെഡിറ്റ് കാർഡുകൾ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.എഫ് ക്രെഡിറ്റ് കാർഡ് ലഭിക്കാത്തതു മൂലം ടെമ്പററി അഡ്വാൻസ്, എൻ.ആർ.എ എന്നിവ ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2006 ന് ശേഷമുള്ള പി.എഫ് ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ
പ്രവേശനവും കൊഴിഞ്ഞുപോക്കും

2942 ശ്രീ.ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.പി.സ്കൂൾ വിഭാഗത്തിൽ 2010-2011-ൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾ പ്രവേശനം നേടി;

(ബി) 2011-12, 2012-13, 2013-14 വർഷങ്ങളിൽ പ്രവേശനം നേടിയ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ എണ്ണം എത്ര;

(സി) 2010-11-ലെ കൊഴിഞ്ഞുപോക്ക് എത്ര ശതമാനം ആയിരുന്നു;

(ഡി) 2011-12, 2012-13, 2013-14 വർഷങ്ങളിൽ സംസ്ഥാനത്തെ എൽ.പി. സ്കൂൾ വിഭാഗത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ കൊഴിഞ്ഞുപോക്ക് ശതമാനം എത്രയാണ്?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

**പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ**

2943 ശ്രീ. ഇ. പി.ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും പട്ടികജാതി-പട്ടിക വർഗ്ഗവിഭാഗം വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്;

(ബി) ഇതുമായി ബന്ധപ്പെട്ട് 2011-12, 2012-13, വർഷങ്ങളിലും 2013-2014 വർഷത്തിൽ നാളിതുവരെയും എത്ര തുക ചിലവഴിച്ചിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ വിഭാഗം വിദ്യാർത്ഥികൾക്ക് പുതിയ ഏതെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ</u>

2944 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ നിശ്ചിതകാല പരിധിക്കുള്ളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ശുപാർശ ചെയ്ത് അയക്കാത്തതു കാരണം അവരുടെ ആനുകൂല്യങ്ങൾ ലഭിക്കാതെ വരികയോ ലഭിക്കുന്നതിന് കാലതാമസം വരികയോ ചെയ്യുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ കാലതാമസം കൂടാതെ ശുപാർശ ചെയ്ത് ബന്ധപ്പെട്ട ആഫീസുകളിൽ അയയ്ക്കുവാനും സ്ഥാപന മേലധികാരികൾക്ക് കർശനമായ നിർദ്ദേശം നൽകുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കവകാശപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുവാൻ കാരണക്കാരായ ഉദ്യോഗസ്ഥരുടെ മേൽ ആ കുറ്റം ചുമത്തി കർശനമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>പി. സുഭാഷിന്റെ ആശ്രിതർക്ക് നിയമനം ലഭിക്കുന്നത് സംബന്ധിച്ച്</u>

T.2945 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസവകുപ്പിൽ മൂന്നാറിലെ ബി.ആർ.സി.യിൽ സി.ആർ.സി. കോർഡിനേറ്ററായി ജോലി ചെയ്തു വരവെ അപകടത്തിൽ മരണപ്പെട്ട പി. സുഭാഷ്, നെല്ലേരി, പൂനത്ത്, നടുവണ്ണൂർ, കോഴിക്കോട് ജില്ല എന്ന ആളുടെ ആശ്രിതർക്ക് സർക്കാർ ജോലി നൽകുന്നത് സംബന്ധിച്ച് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ബന്ധപ്പെട്ട അപേക്ഷയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

'ഫ്ളെയര്‍' പദ്ധതി

2946 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വി. പി. സജീന്ദ്രന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'ഫ്ളെയര്‍' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ബി) കോളേജുകളിലെ യുവ അദ്ധ്യാപകര്‍ക്ക് ഗുരുകുല സമ്പ്രദായപ്രകാരം പ്രമുഖ അദ്ധ്യാപകരെ നിരന്തരം പിന്‍തുടര്‍ന്ന് പരിശീലനം നേടാന്‍ ഉതകുന്ന എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) പരിശീലനം നല്‍കുന്നതിന് ഭരണ തലത്തില്‍ എന്തെല്ലാം സൗകര്യങ്ങളാണ് ഏര്‍പ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ</u>

2947 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-15 കാലയളവിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പുതുതായി എൻ. ഒ. സി നൽകുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇൻഫർമേഷൻ ടെക്നോളജി (IT), അപ്ലൈഡ് ഇലക്ട്രോണിക്സ് (AE), ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ (EI) തുടങ്ങിയ കോഴ്സുകൾ ആരംഭിക്കാൻ അനുമതി നൽകുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

മുന്നോക്ക വിദ്യാർത്ഥികളുടെ ഉപരിപഠനത്തിന്
സ്കോളർഷിപ്പ് പദ്ധതി

T.2948 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. റ്റി. ബൽറാം
,, പാലോട് രവി
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക വിഭാഗങ്ങളിൽപെട്ട വിദ്യാർത്ഥികളുടെ ഉപരിപഠനത്തിന് സ്കോളർഷിപ്പുകൾ നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഏതെല്ലാം പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി വഴി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

സര്‍വ്വ വിജ്ഞാനകോശം ഇന്‍സ്റ്റിറ്റ്യൂട്ടിന്റെ പ്രവര്‍ത്തനം

T.2949 ശ്രീ. വി. ഡി. സതീശന്‍
,, അന്‍വര്‍ സാദത്ത്
,, ബെന്നി ബെഹനാന്‍
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍വ്വവിജ്ഞാനകോശം ഇന്‍സ്റ്റിറ്റ്യൂട്ടിന്റെ ജൂബിലി ആഘോഷങ്ങള്‍ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദമാക്കാമോ;

(സി) ഇന്‍സ്റ്റിറ്റ്യൂട്ടിന്റെ പ്രവര്‍ത്തനം ശക്തിപ്പെടുത്താനും കാര്യക്ഷമമാക്കാനും എന്തെല്ലാം കര്‍മ്മപദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇന്‍സ്റ്റിറ്റ്യൂട്ടിന് അടിസ്ഥാന സൗകര്യങ്ങള്‍ ഒരുക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള എല്ലാ കരാര്‍ ജീവനക്കാരേയും സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട വിദേശയാത്ര</u>

2950

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിന് വിവിധ യൂണിവേഴ്സിറ്റികളുടെ കീഴിൽ സംസ്ഥാനത്തിനകത്തും പുറത്തും വിദേശരാജ്യങ്ങളിലുമായി എത്ര സെന്ററുകൾ പ്രവർത്തിക്കുന്നു; എവിടെയെല്ലാം; ഇതിൽ ഓരോ സെന്ററിൽ ഏതെല്ലാം ബിരുദ, ബിരുദാനന്തര, മറ്റു കോഴ്സുകൾ നടത്തുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഈ സർക്കാർ അധികാരത്തിലെത്തിയപ്പോൾ എത്രയെണ്ണം ഉണ്ടായിരുന്നു; എവിടെയെല്ലാം; വ്യക്തമാക്കുമോ;

(സി) 2013 വർഷത്തിൽ വിദേശത്തുള്ള കേന്ദ്രങ്ങൾ പരിശോധിക്കാൻ ഓരോ യൂണിവേഴ്സിറ്റിയിൽ നിന്നും പരിശോധനയ്ക്ക് പോയവർ ആരെല്ലാം; ഓരോരുത്തരും എത്ര യാത്രകൾ നടത്തി; എത്ര ദിവസം വിദേശത്ത് തങ്ങി; ഓരോ യാത്രയ്ക്കും വിവിധ യൂണിവേഴ്സിറ്റികളുടെ എത്ര പണം ചെലവാക്കി; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതിൽ കാലിക്കറ്റ് സർവ്വകലാശാല പ്രോ വൈസ് ചാൻസലർ ശ്രീ. കെ. രവീന്ദ്രനാഥ് തന്റെ ഔദ്യോഗിക പദവി മറച്ചുവെച്ച് സെയിൽസ് എക്സിക്യൂട്ടീവ് വിസയിലാണോ അതോ മറ്റു പദവികളുടെ പേരിലാണോ ഗൾഫ് രാജ്യങ്ങളിൽ യാത്ര ചെയ്തതെന്ന് അറിവുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത യാത്രയിൽ പ്രോ വൈസ്ചാൻസലർ വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ സന്ദർശിച്ചുവോ; അവിടെ യൂണിവേഴ്സിറ്റിക്കുവേണ്ടി എന്തെങ്കിലും ഉത്തരവുകൾ നൽകിയോ;വിശദാംശംലഭ്യമാക്കുമോ;

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

(എഫ്) പ്രസ്തുത യാത്രയിൽ കാലിക്കറ്റ് സർവ്വകലാശാലയെ പ്രതിനിധീകരിച്ച് മറ്റ് ആരെങ്കിലും ഗൾഫ് രാജ്യങ്ങളിൽ യാത്ര നടത്തിയോ; എങ്കിൽ ആരെല്ലാം;

(ജി) ഇവർ ഓരോരുത്തരും ഗൾഫ് രാജ്യങ്ങളിൽ എത്ര ദിവസം ഉണ്ടായിരുന്നുവെന്നും പി.വി.സി. ഉൾപ്പെടെ ഓരോരുത്തരും വിവിധയിനങ്ങളിൽ പ്രസ്തുത യൂണിവേഴ്സിറ്റിയിൽ നിന്നും എന്തു തുക ചെലവാക്കി എന്നും വ്യക്തമാക്കുമോ;

(എച്ച്) പ്രസ്തുത യാത്രകൾക്ക് ഔദ്യോഗിക അനുമതികൾ മുൻകൂറായി വാങ്ങിയിരുന്നോ;

(ഐ) ഇല്ലെങ്കിൽ പ്രസ്തുത നിയമലംഘനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ജെ) വിദേശയാത്ര ചെയ്തവർക്ക് വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ നടത്തുന്നവർ വിസ, യാത്രാടിക്കറ്റ്, താമസ ചെലവ് എന്നിവയ്ക്കായി എന്തു തുക ചെലവാക്കി എന്ന് പരിശോധിച്ചുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(കെ) അവശ്യം വേണ്ടുന്ന സൗകര്യങ്ങൾ ഇല്ലാത്ത വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് അനുമതി നൽകുവാൻ സർക്കാരിതര ചെലവിൽ ഔദ്യോഗിക അനുമതിയില്ലാതെ ഇവർ യാത്ര ചെയ്ത വിഷയത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>വൈസ് ചാൻസിലർമാരുടെ യോഗ്യത</u>

2951 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റികളിൽ വൈസ് ചാൻസിലർമാരെ നിയമിക്കുന്നതിനുമുമ്പ് അവരുടെ യോഗ്യതയും വിദ്യാഭ്യാസ പരിചയവും മറ്റു മികവുകളും പരിശോധിക്കാറുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ യൂണിവേഴ്സിറ്റികളുടെ വൈസ് ചാൻസിലർമാരുടെ യോഗ്യതയും മറ്റ് മികവുകളും പരിശോധിച്ചാണോ നിയമനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എം. ജി. സർവ്വകലാശാല വൈസ് ചാൻസിലറോട് തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്യാതിരിക്കാൻ കാരണം കാണിക്കുവാൻ ഗവർണർ നോട്ടീസ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എന്തു കാരണം കൊണ്ടാണ് നോട്ടീസ് നൽകിയതെന്ന് അറിവുണ്ടോ;

(ഇ) നോട്ടീസിലെ കാരണങ്ങൾ ശരിയാണെങ്കിൽ നിയമനം ശുപാർശ ചെയ്ത സമിതിക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>വിദേശ പരിശീലനം നേടാൻ അദ്ധ്യാപകർക്ക് അവധി അനുമതി</u>

2952 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നും ഫെല്ലോഷിപ്പ് നേടി അക്കാദമികമായി മികവുറ്റ പരിശീലനങ്ങൾക്ക് അമേരിക്കയിൽ പോകാൻ അവധിക്കപേക്ഷിച്ച അഞ്ച് അദ്ധ്യാപകർക്ക് അവധി നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവധി അനുവദിക്കാനായി ആവശ്യപ്പെട്ടു നൽകിയ അപേക്ഷയിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാ ക്കാമോ ;

(സി) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഇതര സ്ഥാപനങ്ങളിൽ നിന്ന് പരിശീലനത്തിന്റെ പേരിൽ വിയറ്റ്നാമിലും മറ്റും പോയവർക്കെല്ലാം സർക്കാർ ആനുകൂല്യങ്ങൾ നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഏറ്റവും മികവു പുലർത്തുന്ന അദ്ധ്യാപകർക്ക് എഴുത്തു പരീക്ഷയും അഭിമുഖവും നടത്തിയശേഷം ഇന്ത്യയിൽ നിന്നാകെ തിരഞ്ഞെടുക്കപ്പെട്ട പതിനൊന്ന് പേരിൽ ഉൾപ്പെട്ട കേരളീയരടക്കം അഞ്ചു അദ്ധ്യാപകർക്കും അവധി അനുവദിക്കാത്ത നടപടി പുന:പുനപരിശോധിക്കുമോ;

(ഇ) ഇതര രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്ക് ലഭിച്ച അവധി ആനുകൂല്യം കേരളീയ അദ്ധ്യാപകർക്കും അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>കോഴിക്കോട് സര്‍വ്വകലാശാല പി.വി.സി യ്ക്കെതിരെയുളള പരാതി</u>

2953 ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് സര്‍വ്വകലാശാല പ്രൊ. വൈസ് ചാന്‍സലര്‍ ശ്രീ. കെ. രവീന്ദ്രനാഥ് വിസയില്‍ തെറ്റായ വിവരങ്ങള്‍ ചേര്‍ത്ത് വിദേശയാത്ര നടത്തിയതായി അറിവുണ്ടോ;

(ബി) പി.വി.സി യുടെ വിദേശയാത്ര സംബന്ധിച്ച വിശദവിവരങ്ങള്‍ ലഭ്യമാണോ; എങ്കില്‍ വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഔദ്യോഗിക സ്ഥാനം മറച്ചുവെച്ച് വ്യാജ വിസയില്‍ വിദേശയാത്ര ചെയ്തിട്ടുണ്ടെങ്കില്‍ പി.വി. സി. യ്ക്കെതിരെ നടപടി സ്വീകരിച്ചുവോ;

(ഇ) പി. വി. സി യുടെ പേരില്‍ നടപടിയെടുത്തിട്ടില്ലെങ്കില്‍ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>കലിക്കറ്റ് സർവ്വകലാശാല ഉദ്യോഗസ്ഥരുടെ വിദേശയാത്ര</u>

2954 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയുടെ വിദേശ വിദൂര വിദ്യാഭ്യാസ കാര്യങ്ങൾക്കായി സർവ്വകലാശാലയുടെ ഉദ്യോഗസ്ഥരും സിൻഡിക്കേറ്റ് അംഗങ്ങളും കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഏതൊക്കെ വിദേശ രാജ്യങ്ങളാണ് സന്ദർശിച്ചത്;

(ബി) ആരൊക്കെയാണ് വിദേശരാജ്യങ്ങൾ സന്ദർശിച്ചതെന്ന് വിശദമാക്കുമോ;

(സി) ഓരോ യാത്രയ്ക്കും സർവ്വകലാശാല എത്ര രൂപ വീതം ചെലവഴിച്ചു;

(ഡി) ഓരോ യാത്രയിലൂടെയും സർവ്വകലാശാലയ്ക്കുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണ്;

(ഇ) നിയമാനുസരണമുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലാണോ വിദേശയാത്രകൾ നടത്തിയത്; അല്ലെങ്കിൽ വിദേശയാത്ര നടത്തിയവർക്കെതിരെ എന്ത് നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

കേരള സർവ്വകലാശാല ജോയിന്റ് രജിസ്ട്രാർക്കെതിരെ അന്വേഷണം

2955 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല ഭരണ വിഭാഗം ജോയിന്റ് രജിസ്ട്രാർ ശ്രീ. പി. രാഘവൻ വിവിധ നടപടികൾക്കായി പ്രൊവിഷണൽ അഡ്വാൻസായി എത്ര രൂപ കൈപ്പറ്റിയിട്ടുണ്ട്;

(ബി) കൈപ്പറ്റിയ തുക അതാതു വർഷം ചെലവഴിച്ച് മൂന്നു മാസത്തിനകം രേഖാമൂലം വൗച്ചറും സ്റ്റേറ്റ്മെന്റും സമർപ്പിക്കണം എന്നിരിക്കെ ശ്രീ. രാഘവൻ കൈപ്പറ്റിയ ഓരോയിനം തുകയ്ക്കും ഇത്തരം രേഖകളും കണക്കും നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) കേരള സർവ്വകലാശാല പ്ലാറ്റിനം ജൂബിലിയുടെ പേരിൽ ഇദ്ദേഹം എന്ത് തുക കൈപ്പറ്റിയിട്ടുണ്ട്; രൂപ ചെലവാക്കിയത് സംബന്ധിച്ച് സർപ്പിക്കേണ്ട രേഖകൾ നാളിതുവരെ സമർപ്പിച്ചുവോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ സാമ്പത്തിക ക്രമക്കേട് നടത്തിയ സർവ്വകലാശാല ജോയിന്റ് രജിസ്ട്രാർ ശ്രീ. പി. രാഘവന്റെ കൃത്യവിലോപത്തിനെതിരെ സർവ്വകലാശാലയും വിദ്യാഭ്യാസ വകുപ്പും എന്തു നടപടി നാളിതുവരെ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ഇ) ശ്രീ. രാഘവനെ സർവ്വീസിൽ നിന്നും മാറ്റി നിർത്തി ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നാനോ സയൻസ് ആന്റ് നാനോ മെറ്റീരിയൽസ് സെന്റർ

2956 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഇന്റർ നാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ മെറ്റീരിയൽസ് സ്ഥാപിക്കുന്നതിനായി 2013-2014 ബഡ്ജറ്റിൽ എത്ര രൂപ വകകൊള്ളിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തേയും ഇന്ത്യയിലെയും വിദേശത്തെയും ഏതെല്ലാം സർവ്വകലാശാലകളുമായി ബന്ധപ്പെടുത്തിയാണ് ഈ പരിപാടി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയാണ് ഈ പരിപാടി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) 31.12.2013 വരെ ഈ പരിപാടിക്കായി എന്ത് തുക ചെലവഴിച്ചുവെന്നും ഏതെല്ലാം കാര്യങ്ങൾക്കാണ് തുക ചെലവാക്കിയതെന്നും വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

'റൂസ'

2957 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസനവീകരണത്തിനായുള്ള ദേശീയ ഉന്നതവിദ്യാഭ്യാസദൗത്യമായ 'രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ)' നടപ്പിലാക്കുന്നതു സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തെങ്കിലും നിർദ്ദേശങ്ങൾ സംസ്ഥാനസർക്കാരിനു നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ, പ്രസ്തുതനിർദ്ദേശങ്ങൾ എന്താണെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുതപദ്ധതി വഴിയുള്ള കേന്ദ്രസഹായം ലഭിക്കാൻ പദ്ധതി സമർപ്പിക്കേണ്ട അവസാനതീയതി എന്നാണ്; സർക്കാർ ഇവ നൽകിയത് എന്തെങ്കിലും പഠനം നടത്തിയിട്ടാണോയെന്നും; എങ്കിൽ, സർക്കാർ നൽകിയ പദ്ധതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) യു.ജി.സി.യെ ഒഴിവാക്കിയിട്ടാണോ 'റൂസ' നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) 'റൂസ' പൊതുമേഖലാ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണത്തിനു ലക്ഷ്യമിടുന്നതാണെന്നു വിദ്യാഭ്യാസ വിചക്ഷണർ, അദ്ധ്യാപകസംഘടനകൾ, വിദ്യാർത്ഥിസംഘടനകൾ എന്നിവർ നൽകിയ പരാതികൾ ശ്രദ്ധയിൽപ്പെട്ടുവോ; വ്യക്തമാക്കുമോ;

(എഫ്) യു.ജി.സി. ധനസഹായം നിർത്തലാക്കി 'റൂസ' പ്രാബല്യത്തിൽ വരുത്തിയാൽ ഉന്നതവിദ്യാഭ്യാസമേഖലയിൽ സ്വകാര്യമേഖല കടന്നുകയറുവാനും, കലാപകലുഷിതമാകാനും സാദ്ധ്യതയുള്ളതിനാൽ വിദ്യാഭ്യാസവിചക്ഷണർ, അദ്ധ്യാപകസംഘടനാപ്രതിനിധികൾ, വിദ്യാർത്ഥിസംഘടനാപ്രതിനിധികൾ എന്നിവരുൾപ്പെട്ട ഒരു സമിതിയുടെ പഠനശേഷം മാത്രം 'റൂസ' നടപ്പിലാക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>ഉന്നത വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടി</u>

2958

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം കോളേജുകൾക്കാണ് "അക്കാഡമിക് സ്വയംഭരണാവകാശം" നൽകാൻ തീരുമാനിച്ചിട്ടുള്ളത്; ഏതെല്ലാം പഠനങ്ങൾക്കനുസൃതമായാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടത്; പഠന റിപ്പോർട്ട് ലഭ്യമാക്കാമോ;

(സി) അത്തരം "അക്കാഡമിക് സ്വയംഭരണാവകാശം" ലഭ്യമായ കോളേജുകളുടെമേൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് എന്തെല്ലാം അധികാരങ്ങൾ ആണ് ഉണ്ടാവുക; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

**കോളേജുകൾക്ക് സ്വയംഭരണാവകാശം**

2959

ശ്രീ. എൻ. ഷംസുദ്ദീൻ
,, സി. മോയിൻകുട്ടി
,, പി. കെ. ബഷീർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിന് കോളേജുകളുടെ പ്രവർത്തന മികവ് വിലയിരുത്തുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്തൊക്കെയാണെന്നതിന്റെ വിശദാംശം നൽകാമോ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കോളേജുകളുടെ സ്വയംഭരണാവകാശം</u>

2960 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വയംഭരണാവകാശം ലഭ്യമാകുന്ന കോളേജുകളിൽ സംസ്ഥാന സർക്കാരുകൾക്ക് എന്തെങ്കിലും നിയന്ത്രണം ഉണ്ടായിരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>സ്വയംഭരണ കോളേജ് സമ്പ്രദായം</u>

2961 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ കോളേജ് സമ്പ്രദായം നടപ്പിലാക്കുന്നത് കേരളം ആർജിച്ചുവന്ന പൊതുവിദ്യാഭ്യാസ രീതികളും മതേതര ജനാധിപത്യ സങ്കൽപ്പങ്ങളും അപകടത്തിലാക്കും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാശം നൽകാമോ ; പരിശോധിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) രണ്ടാം കേരള ഹയർ എഡ്യുക്കേഷൻ കൗൺസിൽ ചുമതലപ്പെടുത്തിയ പ്രൊഫ. ജെ.എ.കെ. തരീൻ അദ്ധ്യക്ഷനായ കമ്മിറ്റി നൽകിയ റിപ്പോർട്ടിലെ ശ്രദ്ധേയമായ പരാമർശമായ 'അഫിലിയേഷൻ സമ്പ്രദായത്തിന്' പകരമായി നിർദ്ദേശിച്ച 'കോളേജ് ക്ലസ്റ്റർ മൾട്ടികാമ്പസ് സർവ്വകലാശാല' എന്ന ആശയം മാധവമേനോൻ കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രൊഫ. തരീൻ കമ്മിറ്റിയിലെ ശുപാർശകൾക്ക് വിരുദ്ധമായ നിലപാട് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

എയിഡഡ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിനുള്ള യോഗ്യതകളും മാനദണ്ഡങ്ങളും

2962 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയിഡഡ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിനുള്ള യോഗ്യതകളും മാനദണ്ഡങ്ങളും എന്തെല്ലാമാണ്;

(ബി) എയിഡഡ് കോളേജ് പ്രിൻസിപ്പൽ നിയമനത്തിൽ യു.ജി.സി., ഡോക്ടറേറ്റ് യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ടോ;

(സി) പ്രിൻസിപ്പൽ നിയമനത്തിൽ ഡോക്ടറേറ്റും സീനിയോറിറ്റിയും ഉള്ള ഉദ്യോഗാർത്ഥികളെ മറികടന്ന് ഡോക്ടറേറ്റും, സീനിയോറിറ്റിയുമില്ലാത്തവരെ പ്രിൻസിപ്പലായി നിയമിക്കുവാൻ മാനേജ്മെന്റുകൾക്ക് അവകാശമുണ്ടോ;

(ഡി) ഇത്തരം നിയമനങ്ങൾ ശ്രദ്ധയിൽപെട്ടാൽ എന്ത് നടപടികളാണ് സ്വീകരിക്കുക; ഇത്തരത്തിലുള്ള എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഇ) ന്യൂനപക്ഷ പദവി ലഭിച്ചിട്ടുള്ള മാനേജ്മെന്റുകൾക്ക് പ്രിൻസിപ്പൽ നിയമനത്തിൽ യു.ജി.സി. നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ;

(എഫ്) ന്യൂനപക്ഷ പദവി ലഭിച്ചിട്ടുള്ള കോളേജ് മാനേജ്മെന്റുകൾക്ക് അദ്ധ്യാപക/പ്രിൻസിപ്പൽ നിയമനങ്ങളിൽ യു.ജി.സി., മാർഗ്ഗ നിർദ്ദേശങ്ങൾ ഏതെങ്കിലും സാഹചര്യങ്ങളിൽ ലംഘിക്കുവാൻ കഴിയുമോ;

(ജി) ഒരു എയിഡഡ് കോളേജ് മാനേജ്മെന്റ് പ്രിൻസിപ്പൽ നിയമനം നടത്തി നടപടി പൂർത്തിയായ ശേഷം സ്ഥാപനത്തിന് ന്യൂനപക്ഷ പദവി ലഭിച്ചാൽ, പഴയ നിയമനത്തിന് ന്യൂനപക്ഷ പദവിയുടെ പരിരക്ഷ ലഭിക്കുമോ?

□

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>പ്രത്യേക നിമസഭാ സമിതിയുടെ റിപ്പോർട്ട്</u>

2963 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' റ്റി. എൻ. പ്രതാപൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിനെതിരായി ഉന്നയിച്ച ആരോപണങ്ങളെ ക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണ്;

(സി) സമിതിയുടെ നിഗമനങ്ങളിൻമേൽ ബന്ധപ്പെട്ട വകുപ്പുകളിൽ എന്തൊക്കെ നടപടികളാണ് എടുക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനെക്കുറിച്ച് വിശദമായ ഒരു അന്വേഷണത്തിന് തയ്യാറാകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

ഐ. എച്ച്. ആർ. ഡി. ഗവേണിംഗ് ബോഡിയിലെ പ്രതിനിധികൾ

2964 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ. ഡി.ക്ക് കീഴിൽ സംസ്ഥാനത്ത് എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഇവ ഓരോന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഐ. എച്ച്. ആർ. ഡി. യുടെ എം. ഒ. എ. പ്രകാരം ഈ സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവിലും ഗവേണിംഗ് ബോഡിയിലും അംഗങ്ങളാക്കുന്നത് സർക്കാർ പ്രതിനിധികളായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ;

(സി) എം. ഒ. എ.–ക്ക് വിരുദ്ധമായി സർക്കാർ പ്രതിനിധികളല്ലാത്ത സ്വകാര്യ വ്യവസായികളെയും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രതിനിധികളേയും ഭരണസമിതിയിലും ഗവേണിംഗ് ബോർഡിയിലും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) സർക്കാർ പ്രതിനിധികല്ലാത്ത ആരൊക്കെയാണ് സമിതികളിലുള്ളത്; അവരുടെ പേരും മറ്റ് വിവരങ്ങളും ലഭ്യമാക്കുമോ;

(ഇ) സ്വകാര്യ വ്യവസായികളേയും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രതിനിധികളേയും ഐ. എച്ച്. ആർ. ഡി. യുടെ സമിതികളിൽ ഉൾപ്പെടുത്താനുണ്ടായ കാരണം വ്യക്തമാക്കുമോ;

(എഫ്) ഐ. എച്ച്. ആർ. ഡി. – യുടെ ഭരണ സമിതിയിലും ഗവേണിംഗ് ബോഡിയിലും സ്വകാര്യസ്വാശ്രയ വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തുന്നത് ഈ സ്ഥാപനത്തിന്റെ പുരോഗതിക്കും നിലനില്പിനും ഗുണകരമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ചട്ടങ്ങളും കിഴ്വഴക്കങ്ങളും ലംഘിച്ചുള്ള നടപടി പുന:പരിശോധിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ഐ. എച്ച് ആർ. ഡി.യെ സർവ്വകലാശാലയാക്കാൻ നടപടി</u>

T.2965 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ. ഡി.യെ ഒരു സർവ്വകലാശാലയായി ഉയർത്താൻ ആലോചിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>ഐ.എച്ച്.ആര്‍.ഡി. കോളേജുകള്‍ നേരിടുന്ന പ്രതിസന്ധി</u>

2966 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

മിക്ക ഐ.എച്ച്.ആര്‍.ഡി. കോളേജുകളും അക്കാഡമിക്കായും സാമ്പത്തികമായും പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

തരൂർ മണ്ഡലത്തിലെ ഐ. എച്ച്. ആർ. ഡി. കോളേജ്

2967 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കോട്ടായിൽ പ്രവർത്തിക്കുന്ന ഐ. എച്ച്.ആർ.ഡി. കോളേജിന്റെ അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ; കെട്ടിടത്തിന്റെ എസ്റ്റിമേറ്റും, പ്ലാനും തയ്യാറാക്കിയിട്ടുണ്ടോ ; ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കോളേജിന് കെട്ടിടം പണിയാൻ സ്ഥലം ലഭ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയാണ് ലഭിച്ചത് ; ഭൂമി ഐ.എച്ച്.ആർ.ഡി.-ക്ക് കൈമാറിയിട്ടുണ്ടോ ; എത്ര ഭൂമിയാണ് ലഭിച്ചത് ; ലഭിച്ച ഭൂമി ഒരു കോളേജിന് പര്യാപ്തമാണോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) നിലവിൽ കോളേജ് പ്രവർത്തിക്കുന്ന സ്ഥലത്തിനുസമീപം വെറുതെ കിടക്കുന്ന മൃഗസംരക്ഷണവകുപ്പിന്റെ ഭൂമി കോളേജിനുവേണ്ടി വിട്ടുനൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ചീമേനി ഐ.എച്ച്.ആർ.ഡി. കോളേജിന് കെട്ടിടം

2968 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചീമേനി ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിന് ആവശ്യമായ കെട്ടിടം നിർമ്മിക്കാൻ ഐ.എച്ച്.ആർ.ഡി. മുഖേനയോ വിദ്യാഭ്യാസ വകുപ്പ് മുഖേനയോ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**28.01.2014-ലെ മറുപടിക്ക്**

മലബാറിൽ അറബി സർവ്വകലാശാല

2969 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അറബി പഠിക്കുന്ന ധാരാളം വിദ്യാർത്ഥികൾ ഉന്നതപഠനത്തിനു തയ്യാറായിട്ടും അതിനാവശ്യമായ സർവ്വകലാശാലയുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ വർഷവും അറബി പഠിക്കുന്ന എത്ര വിദ്യാർത്ഥികൾ ഡിഗ്രി പഠനം കഴിഞ്ഞു പുറത്തിറങ്ങുന്നുണ്ടെന്നു വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കുട്ടികൾ അറബി പഠിക്കുന്ന മലബാറിൽ ഒരു അറബി സർവ്വകലാശാല സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ പുതിയ ഗവൺമെന്റ് ലോ-കോളേജ്

2970 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ കാസർഗോഡ് ജില്ലയിൽ പുതിയ ഗവൺമെന്റ് ലോ-കോളേജ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) കുടിവെള്ളം, വൈദ്യുതി, റോഡ് എന്നീ സൗകര്യങ്ങളുള്ള കുമ്പള പഞ്ചായത്തിലെ സർക്കാർ അധീനതയിലുള്ള ഭൂമിയിൽ പ്രസ്തുത ലോ-കോളേജ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

പട്ടാമ്പി ഗവൺമെന്റ് സംസ്കൃത കോളേജിൽ
സയൻസ് ബ്ലോക്ക്

2971 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടാമ്പി ഗവൺമെന്റ് സംസ്കൃത കോളേജിൽ സയൻസ് ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള ഡിസൈൻ ജോലികൾ പൂർത്തിയായിട്ടുണ്ടോ; പ്രസ്തുത കെട്ടിടനിർമ്മാണം 2014 വർഷത്തിൽതന്നെ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**28.01.2014-ലെ മറുപടിക്ക്**

<u>ഏളേരിത്തട്ട് ഗവ. കോളേജിൽ പുതിയ കോഴ്സുകൾ</u>

2972 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ഏളേരിത്തട്ട് ഇ. കെ. നായനാർ സ്മാരക ഗവ. കോളേജിൽ ഡിഗ്രിക്കും പി.ജി.ക്കും പുതിയ കോഴ്സുകളും, ന്യൂ ജനറേഷൻ കോഴ്സുകളും ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര സർക്കാർ കോളേജ്</u>

2973 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ പുതുതായി അനുവദിച്ച കോളേജ് എവിടെയാണ് ആരംഭിക്കുന്നത്; ഇതിനായി കെട്ടിടങ്ങൾ, സ്ഥലം എന്നിവ എവിടെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അടുത്ത അധ്യയനവർഷം കോളേജ് ആരംഭിക്കുമോ; എങ്കിൽ താല്ക്കാലികമായി എവിടെയാണ് കോളേജ് ആരംഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കോളേജിന് സ്വന്തമായി കെട്ടിടവും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് ഭൂമി ലഭിച്ചതെന്നും എത്ര ഏക്കർ ഭൂമിയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>തലശ്ശേരി ആർട്സ് ആൻഡ് സയൻസ് കോളേജ്</u>

2974 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ 2013–2014 സാമ്പത്തികവർഷം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) ഏതെല്ലാം കോഴ്സുകളാണ് കോളേജിൽ ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് പ്രഖ്യാപിച്ച എത്ര സർക്കാർ കോളേജുകൾ ഈ അദ്ധ്യയന വർഷം ആരംഭിച്ചെന്ന് വെളിപ്പെടുത്താമോ;

(ഇ) തലശ്ശേരിയിൽ ഈ അദ്ധ്യയന വർഷം കോളേജ് ആരംഭിക്കേണ്ടെന്ന് തീരുമാനിച്ചത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(എഫ്) തലശ്ശേരി ഗവൺമെന്റ് കോളേജിലെ കോഴ്സുകൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ഗവണ്‍മെന്റ് കോളേജുകളില്‍ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി</u>

2975 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ അധ്യയന വര്‍ഷം ആരംഭിച്ച ഗവണ്‍മെന്റ് കോളേജുകളില്‍ ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിന് സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ;

(ബി) ഗസ്റ്റ് ഫാക്കല്‍റ്റികള്‍ക്ക് ശമ്പളം നല്‍കുന്നതിന് നിലവിലുള്ള തടസ്സങ്ങള്‍ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) എങ്കില്‍ ഇവ അടിയന്തിരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

2976 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ വർഷങ്ങളായി നിർമ്മാണ പ്രവൃത്തികൾ നിലച്ച സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും ഹോസ്റ്റലിന്റെയും പുനർനിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇതിനാവശ്യമായ പുതുക്കിയ എസ്റ്റിമേറ്റ് വകുപ്പിന് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ നൽകിയിട്ടും പുതുക്കിയ ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

<u>ഐ.എച്ച്.ആർ.ഡി. ക്ക് കൈമാറിയ കുഴൽമന്ദം പോളിടെക്നിക്</u>

2977 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മോഡൽ പോളിടെക്നിക് കോളേജ് 28.09.2012 ലെ ജി.ഒ.(എം.എസ്) 22/12/പിഡി നമ്പർ ഉത്തരവ് പ്രകാരം പൂർണ്ണമായും ഐ.എച്ച്.ആർ.ഡി-ക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ഉത്തരവ്, സബ്ജക്ട് കമ്മിറ്റിയുടെ 16.07.2012, 22.12.2012, 25.03.2013 തീയതികളിലെ യോഗങ്ങൾ എന്നിവയുടെ തീരുമാനപ്രകാരം കോളേജ് കൈമാറ്റം സംബന്ധിച്ച തീരുമാനങ്ങൾ എ.ഐ.സി.ടി.ഇ യും ഐ.എച്ച്.ആർ.ഡി.യും നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം തീരുമാനങ്ങളാണ് ഇനി നടപ്പാക്കാനുള്ള തെന്ന് വ്യക്തമാക്കുമോ;

(സി) ബി.എസ്.എൻ.എൽ നടത്തുന്ന കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഐ.എച്ച്.ആർ.ഡി ക്ക് കൈമാറുന്നതിന് നിലവിൽ തടസ്സം ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) കോളേജിനും കോഴ്സിനും എ.ഐ.സി.റ്റി.ഇ. അംഗീകാരം നേടിയെടുക്കാൻ കോളേജ് ലഭിച്ചശേഷം ഐ.എച്ച്.ആർ.ഡി. എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) 2014-15 അധ്യയന വർഷം മുതൽ എ.ഐ.സി.റ്റി.ഇ. അംഗീകാരത്തോടെ കോഴ്സുകൾ ആരംഭിക്കുകയും, വിദ്യാർത്ഥി പ്രവേശനത്തിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിച്ചില്ലെങ്കിൽ അടുത്ത അധ്യയന വർഷം(2014-15) മുതൽ കോളേജിൽ വിദ്യാർത്ഥി പ്രവേശനം സാധ്യമാകുമോയെന്നും,

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

വിദ്യാർത്ഥി പ്രവേശനം നടന്നില്ലെങ്കിൽ കോളേജ് അടച്ചു പൂട്ടേണ്ട സ്ഥിതിവിശേഷം ഉണ്ടാകുമോയെന്നും വ്യക്തമാക്കുമോ; ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ യെന്നും ഉണ്ടെങ്കിൽ കോളേജ് പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുന്നതിന് എന്ത് നടപടിയാണ് സ്വീകരി ക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

<u>മഞ്ചേശ്വരത്ത് പുതിയ പോളിടെക്നിക്</u>

2978 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ പുതിയ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) കാസർകോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് പുതിയ സർക്കാർ പോളിടെക്നിക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

കമ്പ്യൂട്ടർ സയൻസ് ലക്ചറർ നിയമനം

2979 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടർ സയൻസ് ലക്ചറർ നിയമനത്തിന് വേണ്ട യോഗ്യത എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ യു.ജി.സി. യുടെ മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പി.എസ്.സി ഈ തസ്തികയിലെ നിയമനത്തിനായി എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം.സി.എ ബിരുദധാരികളെ മാത്രമാണോ പരിഗണിക്കുന്നത്;

(ഡി) എയ്ഡഡ് കോളേജുകളിലും, യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലും എം.ടെക്/പി.എച്ച്.ഡി ക്കാരെയും നിയമനത്തിന് പരിഗണിക്കുന്നു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പി.എസ്.സി. യുടെ ശ്രദ്ധയിൽപ്പെടുത്തി എം.ടെക്/പി.എച്ച്.ഡി ക്കാരെയും കമ്പ്യൂട്ടർ സയൻസ് ലക്ചറർ തസ്തികയിലേക്ക് പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

സാക്ഷരതാ മിഷനു കീഴിൽ വർക്ക് - അറേഞ്ച്മെന്റ് നിയമനം

2980 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ മിഷനു കീഴിൽ ബ്ലോക്ക് കോ-ഓർഡിനേറ്റർ മാരായി അധ്യാപകരെ വർക്ക് - അറേഞ്ച്മെന്റ് വ്യവസ്ഥ പ്രകാരം 2006-2011-ലെ സർക്കാരിന്റെ കാലത്ത് നിയമിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അധ്യാപകരെ പിരിച്ചു വിടുന്നതിനുള്ള ഉത്തരവ് ഈ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിനുള്ള സാഹചര്യം വിശദമാക്കുമോ; ഇവരെ ഈ തസ്തികയിൽ തിരികെ വർക്ക് - അറേഞ്ച്മെന്റിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ്</u>

2981 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രന്ഥശാലകൾക്ക് കാലാകാലങ്ങളായി നിശ്ചിത സമയത്ത് ലഭിച്ചുകൊണ്ടിരുന്ന ഗ്രാന്റ് വൈകാനുള്ള കാരണങ്ങൾ എന്താണെന്ന് അറിയിക്കുമോ ;

(ബി) ഗ്രാന്റ് യഥാസമയം ലഭിക്കാതെ വരുന്നത് ഗ്രാമീണ ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെ ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനുള്ള ഗ്രാന്റുകൾ</u>

2982 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
,, കെ. അജിത്
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കായി 2012-13 സാമ്പത്തികവർഷത്തേയ്ക്ക് എന്ത് തുകയാണ് വകയിരുത്തിയിരുന്നതെന്ന് വിശദമാക്കാമോ;

(ബി) ലൈബ്രറി കൗൺസിലിന് സർക്കാർ നൽകുന്ന ഗ്രാന്റുകൾ എത്ര ഗഡുക്കളായാണ് വിതരണം ചെയ്യുന്നത് എന്നും ഏത് രീതിയിലാണെന്നും വ്യക്തമാക്കാമോ;

(സി) ഗ്രാന്റ് വിതരണത്തിൽ സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്നും ഇതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ഡി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻമാർക്ക് അലവൻസ് നൽകുന്നുണ്ടോ; എങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത അലവൻസ് വിതരണം ചെയ്യുന്നതിൽ എത്ര മാസത്തെ കുടിശ്ശികയാണുള്ളതെന്നും ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിലെ ഗ്രന്ഥശാലകൾ</u>

2983 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രന്ഥശാല സംഘം അംഗീകാരത്തോടെ പ്രവർത്തിക്കുന്ന എത്ര ഗ്രന്ഥശാലകൾ/വായനശാലകൾ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഉണ്ട്; അത് എവിടെയെല്ലാമാണ്; അവ സ്ഥിതി ചെയ്യുന്ന പഞ്ചായത്തുകൾ, ഗ്രന്ഥശാലകളുടെ പേര്, അതാത് സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ പേരും വിലാസവും സഹിതം വ്യക്തമാക്കാമോ;

(ബി) ഈ ഗ്രന്ഥശാലകൾക്ക് ഓരോന്നിനും 2006-2007 മുതൽ 2012-2013 വരെ വർഷങ്ങളിൽ എന്ത് തുക വിവിധയിനം ഗ്രാന്റുകളിലായി ലഭിച്ചിട്ടുണ്ട് എന്നത് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇക്കാലയളവിൽ ഓരോ ഗ്രന്ഥശാലയും ചെലവഴിച്ച തുക എത്രയെന്ന് ഓരോ ഗ്രന്ഥശാലയുടേതും പ്രത്യേകം പ്രത്യേകം വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഗ്രന്ഥശാല സംഘം നിർദ്ദേശങ്ങൾ അനുസരിച്ച് വായനശാലകളിൽ ഭരണസമിതി രൂപീകരിക്കേണ്ടത് എപ്രകാരമെന്നും ഇതിനാസ്പദമായ നിയമാവലികൾ എന്തെല്ലാമെന്നും പകർപ്പ് സഹിതം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

ലൈബ്രറി സെസ് വഴി ലഭിക്കുന്ന വരുമാനം

T.2984 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലൈബ്രറി സെസ് വഴി ലഭിക്കുന്ന വരുമാനത്തിന്റെ എത്ര ശതമാനം വീതമാണ് ലൈബ്രറി കൗൺസിലിനും സാംസ്ക്കാരിക വകുപ്പിനും ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ ; ഇത്തരത്തിൽ ലഭിക്കുന്ന മുഴുവൻ തുകയും ലൈബ്രറി കൗൺസിലിന് നൽകുന്നതിനുള്ള നിയമം കൊണ്ടുവരുമോ എന്ന് വ്യക്തമാക്കുമോ ;

(ബി) 2013-14 വർഷത്തെ ലൈബ്രറി ഗ്രാന്റ് വിതരണം ചെയ്തിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; വിതരണം നടത്തിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

വൈപ്പിൻ മണ്ഡലത്തിലെ ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻമാരുടെ അലവൻസ്

2985 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലൈബ്രറി കൗൺസിൽ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന എത്ര ഗ്രന്ഥശാലകളാണ് വൈപ്പിൻ മണ്ഡലത്തിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ലൈബ്രേറിയൻമാരായി പ്രവർത്തിക്കുന്നവർക്ക് അലവൻസ് നൽകുന്നുണ്ടെങ്കിൽ എത്രയെന്നും ഏത് കാലയളവുവരെ അലവൻസ് നൽകിയെന്നും വ്യക്തമാക്കാമോ;

(സി) ലൈബ്രേറിയൻമാർക്ക് ലഭിക്കുന്ന അലവൻസ് കുടിശ്ശിഖ വിതരണം ചെയ്യുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ലൈബ്രറികൾക്ക് നൽകുന്ന ഗ്രാന്റ് എത്ര നാളത്തെ കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ; ഗ്രാന്റ് കൃത്യസമയത്ത് നൽകുന്നതിനും, കുടിശ്ശിക വരുത്തിയ തുക ഒറ്റ തവണയായി നൽകുന്നതിനും നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;

(ഇ) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ?